032:3M701:11 F1 TARAKA KRISHNA RISHI

032:3M701:11
F1

MURUGAN BINDING
WORKS,
NO. 3, BOMMULIER STREET,
ELEPHANT GATE, MADRAS-1.

MUL
094309

Madras University

Call Number 032:3M701

Accession Number 94300

Available for loan from

This book should be returned on o
the date last marked below

O. 61

# താരക.

## നടന്ന കഥ.

പണ്ഡിതർ

ഏ. കൃഷ്ണപ്പിഷാരോടി.

പകൎപ്പവകാശം.

എസ്സ്. ആർ. ബുക്കഡിപ്പോ,

തിരുവനന്തപുരം.

കൊല്ലം "വിദ്യാഭിവൎദ്ധിനി" അച്ചുക്കൂടത്തിൽ

അച്ചടിപ്പിച്ചതു്.

൧൦൯൩.

Price 4 Annas)          (വില അണ ൪.

BOOK DEPOT & PRINTERS
PRINTERS PUBLISHERS
BOOK SELLERS
TRIVANDRUM

94309

# പ്രസ്താവന.

ഈ കഥ കേരളചരിത്രം അടിസ്ഥാനമാക്കി നിർമ്മിച്ചിട്ടുള്ള ഒരാഖ്യായികയിലെ കഥാവസ്തുവിന്റെ ചുരുക്കമാണ്. കുട്ടികളുടെ ബുദ്ധിക്ക് ഉന്മേഷവും ഉല്ക്കർഷവും ഉപദേശവും സിദ്ധിപ്പാൻ ഉപകരിക്കണമെന്നുദ്ദേശിച്ചാണ് ഈ പുസ്തകം ഉണ്ടാക്കീട്ടുള്ളതു്. ഭാഷയും വിഷയങ്ങളും ലഘൂപ്പെടുത്തേണ്ടതിന്നുള്ള ക്രമത്തിലും ഭാഷയുടെ ശൈലി വിടാതിരിക്കുന്നതിലും കഴിയുന്നിടത്തോളം മനസ്സു വെച്ചിട്ടുണ്ടെന്നാണു വിശ്വാസം. ഫലം കണ്ടറിയേണ്ടതാണല്ലൊ.

തൃശ്ശിവപേരൂർ.
൲൮൰ കർക്കടകം ൨൩-ാംനു

കൃഷ്ണപ്പിഷാരോടി.

# താരക.

## നടന്നകഥ.

---

### ഒന്നാം അദ്ധ്യായം

---

കേരളപ്പെരുമാക്കന്മാർ എന്നു കേൾവികേട്ട മഹാരാജാക്കന്മാരാണ് ഒരുകാലത്തു് ഈ മലയാളരാജ്യം മുഴുവനും കൊങ്ങനാടും കീഴടക്കിഭരിച്ചിരുന്നതെന്നു പ്രസിദ്ധമാണല്ലൊ. ഈ പെരുമാൾവൎഗ്ഗത്തിൽ പലമാതിരി അത്ഭുതകൎമ്മങ്ങളും ചെയ്തിട്ടുള്ളവരായി അനേകംപേരുണ്ടായിട്ടുണ്ടു്. എങ്കിലും സമാധാനരക്ഷണം എന്ന ഗുണം തികഞ്ഞിട്ടുള്ളതുനിമിത്തം അവരെല്ലാവരേക്കാളും മുമ്പിട്ടു നിന്നിരുന്നതു് 'ബാണവൎമ്മപ്പെരുമാൾ' എന്നൊരു മഹാരാജാവായിരുന്നു. നാട്ടുകാരെല്ലാം 'നമ്പെരുമാൻ' എന്നാണു് അദ്ദേഹത്തെ പറഞ്ഞിരുന്നതു്. ശത്രുക്കളെപ്പോലും ആപത്തിൽ സഹായിപ്പാൻ എപ്പോഴും ഒരുക്കമായിരുന്ന ആ രാജാവിന്റെ പേരുകേൾക്കുമ്പോൾതന്നെ സകലജനങ്ങളും ഭക്തിവിശ്വാസങ്ങളോടുകൂടി തലകുനിച്ചു വന്ദിച്ചിരുന്നു. പുസ്തകത്തിൽ,

'ജനങ്ങളെപ്പാൎത്തു നൃപാലനാമ്പൽ
ഗുണത്തെ വാർതിങ്കൾകണക്കഭേദം
ജനങ്ങളീക്ഷിച്ചു വിശേഷമോടാ
ഗുണാബ്ധിയിൽ തൻപിതൃതുല്യഭാവം.'

എന്നു് ഒരു കവി വൎണ്ണിച്ചിട്ടുള്ളതു ബാണവൎമ്മപ്പെരുമാളെപ്പറ്റിയേടത്തോളം വളരെ ശരിയാണെന്നു പറയാം. ഈ പെരുമാളുടെ പട്ടമഹിഷിക്കു 'പത്മാദേവി' എന്നായിരുന്നു പേർ. ഈ

വരുടെ സന്താനമായി 'ഗുണവർമ്മൻ' എന്നു പേരായ ഒരു രാജകുമാരനും ഉണ്ടായിരുന്നു.

അസാമാന്യമായ യോഗ്യതയുള്ള പിതാവിൻെറ നിഷ്കൃഷ്ടയോടുകൂടിയ രക്ഷയിലാണു് ഗുണവർമ്മരാജകുമാരൻ വളൎന്നുവന്നതു്. അച്ഛനമ്മമാൎക്കെന്നപോലെ നാട്ടുകാൎക്കും ആ കുമാരനിൽ അതിയായ വാത്സല്യം തോന്നിയിരുന്നു. അതിനാൽ എല്ലാവരും ആ രാജപുത്രനു സാധാരണയായിപ്പറഞ്ഞിരുന്ന പേർ 'ഓമനത്തമ്പുരാൻ' എന്നാണു്. ഓമനത്തമ്പുരാൻെറ ബുദ്ധിശക്തിയും സ്വഭാവവിശേഷവും കഷ്ടിച്ചു തൻേറടംവെച്ചതൊട്ടുകൂടിത്തന്നെ പ്രത്യക്ഷപ്പെട്ടുതുടങ്ങി. വിദ്യാഭ്യാസത്തിലേൎപ്പെട്ടതുമുതൽ ആ ഗുണങ്ങൾ പതിന്മടങ്ങു തെളിഞ്ഞുവന്നു. അന്നത്തെ നടപ്പനുസരിച്ചു കേരളചക്രവൎത്തിയുടെ പുത്രനും പൊതുജനങ്ങളുടെ കുട്ടികൾക്കുള്ള പാഠശാലയിൽത്തന്നെയാണു പഠിച്ചിരുന്നതു്. അവസരമുള്ള സമയങ്ങളിലെല്ലാം ഓരോ സൂക്ഷ്മസംഗതികളെപ്പററി സഹപാഠികളോടു സംസാരിക്കുന്നതിനും തൎക്കിക്കുന്നതിനും ഓമനത്തമ്പുരാനു വലിയ താല്പൎയ്യമായിരുന്നു. ഗുരുക്കന്മാർ ഉപദേശിക്കുന്ന തത്വങ്ങളെ ഓമനത്തമ്പുരാൻ പ്രത്യുപദേശംചെയ്യുംപോലെ ഉദാഹരണംകൊണ്ടു വെളിപ്പെടുത്തിക്കാണിച്ചു് അവരെ വളരെ സന്തോഷിപ്പിച്ചു. ഒരുമിച്ചു പഠിച്ചിരുന്ന കുട്ടികളെയെല്ലാം ഓമനത്തമ്പുരാൻ ഒരുപോലെ സ്നേഹിച്ചുവന്നു. എന്നാൽ ആ കുട്ടികളിൽവെച്ചു ബുദ്ധികൊണ്ടും സ്വഭാവംകൊണ്ടും ഏകദേശം രാജകുമാരനോടു കിടപിടിച്ചിരുന്ന 'ശങ്കരൻ' എന്ന കുട്ടിയുമായിട്ടാണു് അധികം വാദപ്രതിവാദങ്ങൾ നടക്കാറുണ്ടായിരുന്നതു്. അനദ്ധ്യായദിവസങ്ങളിലെ കളികളിൽപോലും ഓമനത്തമ്പുരാൻെറയും ശങ്കരൻകുട്ടിയുടേയും സംഭാഷണങ്ങൾ മിക്കതും പാഠവിഷയങ്ങളെ സംബന്ധിക്കുന്ന വിധത്തിലായിരുന്നു.

അക്കാലങ്ങളിൽ ആൺകുട്ടികൾക്കെല്ലാം വിദ്യാഭ്യാസത്തോടുകൂടിത്തന്നെ ആയുധാഭ്യാസവും വശമാക്കിയിരുന്നു. കാല

ത്തും വൈകുന്നേരവും അഞ്ചഞ്ചു നാഴികയോളം നേരം വ്യായാമവും ആയുധപ്രയോഗവും യുദ്ധക്രമവും ശീലിപ്പിക്കും. മററു സമയങ്ങളിൽ വിദ്യ പഠിപ്പിക്കും. ഇങ്ങനെയാണ് അന്നത്തെ നാട്ടുനടപ്പ്. അതിനും പുറമെ കനം കുറഞ്ഞ മരംകൊണ്ടുണ്ടാക്കിയ ചെറിയ വാളും പരിചയും തലയ്ക്കൽ പഞ്ഞികൊണ്ടുള്ള ഉണ്ടയുറപ്പിച്ച അമ്പും വില്ലും കുട്ടികൾക്കു കളിസ്സാധനമായി ശേഖരിച്ചുകൊടുത്തിരുന്നു. ആവക സാമാനങ്ങൾകൊണ്ടു 'പടച്ചട്ടം പയററിക്കളിക്കുന്നതു്' അവൎക്കു വളരെ വിനോദകരവുമായിരുന്നു.

രാജകുമാരനു് ഏകദേശം പതിനഞ്ചുവയസ്സു പ്രായമായ കാലത്തു് അനദ്ധ്യായദിവസം ഓമനത്തമ്പുരാൻ ഒരുഭാഗത്തും ശങ്കരൻകുട്ടി മറുഭാഗത്തും നായകന്മാരായിനിന്നു 'പടകളി' കളിപ്പാൻ തീർച്ചയാക്കി. മററുകുട്ടികളെല്ലാം സമമായിപ്പിരിഞ്ഞു ഉഭയഭാഗത്തും ചേൎന്നു. പിന്നെ കളിമുറപ്രകാരം പടകളെ കുറിച്ചു് അതിരുറപ്പിച്ചു ആയുധം ധരിച്ചു അണിനിരന്നുനിന്നു.

ശങ്കരൻകുട്ടി—'തമ്പുരാന്റെ നാട്ടുമുഴുവനും ഞാനിപ്പോൾ പിടിച്ചടക്കും.'

ഓമനത്തമ്പുരാൻ—'എന്നാലതൊന്നുകാണട്ടെ; എന്റെ രാജ്യത്തു ചവിട്ടിയാൽ ഞാൻ ശങ്കരനെപ്പിടിച്ചു് അടിമയാക്കിവെക്കും.'

ഇങ്ങനെ രണ്ടാളും വീരവാദം പറഞ്ഞു പടവെട്ടിത്തുടങ്ങി. മറുപക്ഷക്കാരുടെ മരവാൾ കഴുത്തിൽകൊണ്ടവരും അമ്പു മാറത്തേററവരും പിന്നെ പടകളിയിൽ ചേരുവാൻ പാടില്ലെന്നാണു് കളിനിശ്ചയം. കുറേനേരം രണ്ടുകൂട്ടരും തമ്മിൽ കിണഞ്ഞു പൊരുതിനിന്നു. പിന്നെ ഓമനത്തമ്പുരാനും പട്ടരും അതിരുകടന്നു മുറയ്ക്കു മുന്നോട്ടു കയറിത്തുടങ്ങി. ശങ്കരൻകുട്ടിക്കും കൂട്ടൎക്കും പിന്മാറേണ്ടിവന്നു. ഒടുവിൽ തമ്പുരാനും അഞ്ചാറു പടയാളിക്കുട്ടികളുംകൂടി ശങ്കരൻകുട്ടിയെ വളഞ്ഞു.

തമ്പുരാൻ—'ഇപ്പോൾ ശങ്കരൻ ഏന്റെ രാജ്യമാണോ പിടിച്ചടക്കിയതു്?'

ശങ്കരൻകുട്ടി—'കേരളചക്രവർത്തിയുടെ രാജ്യംപിടിപ്പാൻ അവിടുത്തെ ആശ്രിതനായ അടിയനെക്കൊണ്ടു സാധിക്കുമോ?'

ഈ മറുപടി കേട്ട ഉടനെ രാജകുമാരൻ വില്ലും അമ്പും മറെറാരു കുട്ടിയുടെ കയ്യിൽ കൊടുത്തു പുഞ്ചിരിയിട്ടുംകൊണ്ടു ശങ്കരൻകുട്ടിയെ കെട്ടിപ്പിടിച്ചു. ഉള്ളിൽതട്ടിയ സ്നേഹംനിമിത്തം ആ ബാലന്മാരുടെ ശരീരം രോമാഞ്ചംകൊണ്ടുവെങ്കിലും പടക്കളികഴിഞ്ഞു് ആർപ്പുവിളിപ്പാനുള്ള ഉത്സാഹത്താൽ അവരതറിഞ്ഞില്ല. മററുള്ള കുട്ടികളും പരസ്പരം കൈകോർത്തുപിടിച്ചു് എല്ലാവരുംകൂടി ആർപ്പുവിളിച്ചു കളി അവസാനിപ്പിച്ചു് അസ്തമനത്തോടുകൂടി ഗൃഹങ്ങളിലേക്കു പോകയും ചെയ്തു,

പെരുമാക്കന്മാരുടെ രാജധാനി പെരിയാററിൻകരയ്ക്കടുത്തുള്ള 'തിരുവഞ്ചിക്കുളം' എന്ന പ്രദേശത്തായിരുന്നു. ആ രാജധാനിയിൽനിന്നു അധികം അകലെയല്ലാതെ മൈതാനമായി കിടക്കുന്ന ഒരു വലിയ പറമ്പും ആ പറമ്പിന്റെ അവസാനത്തിൽ ഒരു കുളവും ഉണ്ടായിരുന്നു. അരനാഴികയോളം നീളവും അതിനടുത്ത വീതിയുമുള്ള ആ വലിയ കുളത്തിന്നു് 'അരാകുള'മെന്നാകുന്നു പേർ. ഒരുദിവസം രാജകുമാരനും കുട്ടികളുംകൂടി മൈതാനസ്ഥലത്തുവന്നു കുറച്ചുനേരം കളിച്ചതിന്റെശേഷം ആ കുളത്തിന്റെ അടുത്തുചെന്നു. നീണ്ടുപരന്നുകിടക്കുന്ന കുളത്തിന്റെ വലിപ്പം നല്ലവണ്ണം നോക്കിക്കണ്ടു അത്ഭുതപ്പെട്ടുംകൊണ്ടു രാജകുമാരൻ പറഞ്ഞു:

'ഈ കുളത്തിന്റെ അക്കരെയ്ക്കു നീന്തിക്കടപ്പാൻ നിങ്ങളിൽ ആർക്കെങ്കിലും കഴിയുമോ?'

ശങ്കരൻ—'പ്രയാസമാണു്'

'എങ്കിലും നമുക്കൊന്നു പരീക്ഷിച്ചുനോക്കുക' എന്നുപറഞ്ഞു മുണ്ടു് കരയിൽ ചുരുട്ടിവെച്ചു് രാജകുമാരൻ വെള്ളത്തിലേ

ക്കിറങ്ങി. അപ്പോൾ മററുള്ള കുട്ടികളും നീന്തുവാനുറച്ചു. എല്ലാവരുംകൂടി ഉത്സാഹത്തോടെ നീന്തിത്തുടങ്ങി. കുളത്തിന്റെ നീളത്തിൽ നാലിലൊരു ഭാഗം കഴിഞ്ഞപ്പോഴേക്കതന്നെ അക്കരയെത്തുവാൻ സാധിക്കയില്ലെന്നുവെച്ചു ചിലർ മടങ്ങി. ശങ്കരൻകുട്ടിയും വേറേ രണ്ടുകുട്ടികളും കുറേക്കൂടി നീന്തിനോക്കി നടുക്കെത്തുന്നതിന്നുമുമ്പിൽ അവരും പിന്നോക്കംതന്നെ മടങ്ങിപ്പോന്നു. ക്ഷത്രിയക്കുട്ടിയായ ഓമനത്തമ്പുരാൻ മാത്രം പിടിച്ചവാശി വിടാതെ പിന്നേയും അക്കരെയ്ക്കുതന്നെവച്ചു. ആ സാഹസപ്രവൃത്തി എത്രത്തോളം ആപത്തിന്നിടവരുത്തുമെന്നുള്ളതൊന്നും കുമാരൻ ആലോചിച്ചില്ല. ഏകദേശം കുളത്തിന്റെ മുക്കാലും നീന്തിക്കഴിഞ്ഞപ്പോഴേക്കും ബാലനായ തമ്പുരാന് കയ്യും കാലും വല്ലാതെ കുഴഞ്ഞുതുടങ്ങി. നീന്തലിന്റെ വേഗം കുറഞ്ഞു. ശരീരമാസകലം തളർന്നുവശംകെട്ടു ഇടത്തും വലത്തുമുള്ള കരകളിലേക്ക പകച്ചുനോക്കി. ആ കരകളിലേക്ക മറുകരയേക്കാളധികം ദൂരമുണ്ടെന്നു കണ്ടപ്പോൾ പരിഭ്രമംകൊണ്ടും തളച്ചുവശിച്ചു. വെള്ളത്തിൽ കിടന്നുഴയ്ക്കുംപോലെ ഇഴഞ്ഞിഴഞ്ഞും ഇടയ്ക്ക വെള്ളംകുടിച്ചും കൈകളിട്ടടിച്ചും കരയിലേക്ക കഷ്ടിച്ചു പത്തുകോൽദൂരമുള്ളേടത്തോളം ഒരുവിധം എത്തി. അപ്പോഴേക്കും ശക്തിമുഴുവനും ക്ഷയിച്ചു. നല്ല ബോധവും ഇല്ലാതെയായിത്തീർന്നു. കേരളചക്രവർത്തിയുടെ ഏകസന്താനവും നാട്ടുകാരെല്ലാം കണ്ണിലുണ്ണിയുമായ ആ ഓമനത്തമ്പുരാൻ ഒരു ക്ഷണത്തിന്നുള്ളിൽ വെള്ളത്തിലേക്ക താണുപോകുമെന്നുള്ള സ്ഥിതിയിലായി. അതു കഴിഞ്ഞാൽപിന്നെ മലയാളം മുഴുവനും കഠിനമായ വ്യസനംകൊണ്ടു് ഇരുട്ടടഞ്ഞ മാതിരിയിലായിത്തീരാനും അധികം താമസം ഉണ്ടാവില്ലെന്നു പറയേണ്ടതില്ലല്ലോ. രാജകുമാരന്റെ ഈ സ്ഥിതി മറുകരയിൽനില്ക്കുന്ന കുട്ടികൾക്ക ദൂരംനിമിത്തം കണ്ടറിയുവാൻ നിവൃത്തിയുണ്ടായിരുന്നില്ല. അവരെല്ലാവരും തമ്പുരാൻഇപ്പോൾ കരപിടിക്കുമെന്നുകരുതി അത്ഭുതത്തോടും സന്തോഷത്തോടുംകൂടി നോക്കിനിൽക്കുകയായിരുന്നു. ഈ കരയിലോ ഈവിധം അപമൃത്യുവരാൻ തുടങ്ങുന്ന

കുമാരനെ രക്ഷിപ്പാൻ കഴിയുന്നവരായി ഒരാളുംതന്നെ ഉണ്ടായിരുന്നില്ല. ഏകദേശം പത്തുവയസ്സുപ്രായമായ ഒരു പെങ്കുട്ടി മാത്രമെ ആ സമയത്ത് അവിടെ ഉണ്ടായിരുന്നുള്ളു. നീന്തുവാൻപോലും നല്ലവണ്ണം വശമായിട്ടില്ലാത്ത ആ ബാലികയ്ക്ക് ഈ ആപത്തിൽ എന്തു ചെയ്വാൻ കഴിയും? ഒരു പശുക്കിടാവിനെ കഴുത്തിൽ കയറിട്ടുപിടിച്ചു കരയിലെ പുല്ലു തീറ്റിക്കൊണ്ടുനില്ക്കുമ്പോഴാണു മറുകരയിൽ കുട്ടികൾ നീന്തുന്നതു ആ കുട്ടി കണ്ടെത്തിയതു്. അതുകാണ്മാനുള്ള സന്തോഷംകൊണ്ട് കയ്യിൽപ്പിടിച്ച കയറിന്റെതല കുളവക്കിലുള്ള ഒരു ചെടിയുടെകടയ്ക്കൽകെട്ടി നീന്തുന്ന കുട്ടികളെത്തന്നെ നോക്കിക്കൊണ്ടു് അനങ്ങാതെ നിന്നിരുന്നു. നീന്തി കരയ്ക്കു വരുന്നതു രാജപുത്രനാണെന്നതന്നെ അവൾക്കു നിശ്ചയമുണ്ടായിരുന്നില്ല. കുമാരൻ കൈകാൽ കുഴഞ്ഞു ബുദ്ധിമുട്ടുന്നതു കണ്ടപ്പോഴും വെള്ളത്തിൽ ഓരോമാതിരി കളിച്ചുംകൊണ്ടു വരികയാണെന്നേ ആ പെൺകുട്ടി വിചാരിച്ചുള്ളൂ. താണുപോകാറായപ്പോൾ പ്രാണവേദനകൊണ്ടു കാണിക്കുന്ന മാതിരികൾ കണ്ടപ്പോഴാണു് അപായസ്ഥിതിയാണെന്ന സംഗതി മനസ്സിലാക്കിയത്. ഉടനെ എന്തു ചെയ്യുന്നതെന്നറിയാതെ പരിഭ്രമിച്ചു് ഒരുനിമിഷത്തോളം പരുങ്ങിനിന്നു. ദൈവാധീനത്താൽ ആ ചെറിയ പെൺകുട്ടിക്കു് ഒരു യുക്തിതോന്നി. കയറിന്റെ തല പശുക്കിടാവിന്റെ കഴുത്തിൽനിന്നു പെട്ടെന്നു് ഊരിയെടുത്തു കുമാരന്റെ സമീപത്തിലേക്കു് ഊക്കോടുകൂടെ വലിച്ചെറിഞ്ഞു ഉടനെ [illegible] നിലവിളിച്ചു. പ്രാണസങ്കടംകൊണ്ടു ബോധമില്ലാതെ പിടയുന്ന കുമാരന്റെ ഒരു കയ്യിന്മേൽ ഭാഗ്യത്താൽ ആ കയറിന്റെ തല ചുറ്റിപ്പിണയുകയും ചെയ്തു. കുമാരൻ സുബോധമില്ലാതെയായിരുന്നെങ്കിലും ഉടനെ തന്റെ മറ്റെകൈകൊണ്ടും കയറിന്മേൽ പിടികൂടി. ശരീരത്തിന്റെ കനം ഏതാണ്ടും കയറിന്മേലായി കീഴ്പോട്ടുള്ള ശക്തി കുറഞ്ഞപ്പോൾ കുറച്ചൊരാശ്വാസവും കിട്ടി. എങ്കിലും ബോധക്ഷയംകൊണ്ടും തളർച്ചകൊണ്ടും വേഗത്തിൽ കരയ്ക്കെത്തുവാൻ സാധിച്ചില്ല. കയർപിടിച്ചു പതുക്കെ, വല്ലാതെ കഷ്ടപ്പെട്ടു കരയോട്ടുചേർന്നു. ക്ഷീണംകൊണ്ടും ശരീരമാസകലം കോച്ചി സ്വാ

ധീനമില്ലാതായിത്തീൎന്നതുകൊണ്ടും വെള്ളത്തിൽനിന്നു കയറുവാൻ കഴിയാതെ നില്ക്കുമ്പോഴേക്കും ആ ബാലികയുടെ നിലവിളികേട്ടു പരിഭ്രമിച്ചു മറുകരയിൽനിന്നു കുട്ടികളെല്ലാവരും ഓടിവന്നു. ശങ്കരൻകുട്ടിയും വേറെ മൂന്നാളും കൂടി വേഗത്തിൽ രാജകുമാരനെപിടിച്ചു് എടുത്തു കരയിൽ കിടത്തി. ആ സമയത്തേക്കു ആ പ്രദേശത്തു താമസിക്കുന്ന നാട്ടുകാരും നിലവിളികേട്ടു് ഓടിവന്നു. എല്ലാംകൂടി പരിഭ്രമവും നിലവിളിയും ഘോഷവുമായി. ഈ വൎത്തമാനം രാജധാനിയിൽ എത്തിയപ്പോൾ അവിടെയുണ്ടായക്ഷോഭം ഇന്നവിധമെന്നില്ല. ചില ആളുകൾ കുളക്കരയിലേക്കു മുമ്പിൽപാഞ്ഞുപോയി. മേനാവെടിപ്പിച്ചുംകൊണ്ടു് മറ്റുചിലർ പിന്നാലെയും ഓടി. പെരുമാൾ പിന്നേയും രണ്ടുമൂന്നുപ്രാവശ്യം ഉടനുടൻ ആളുകളെ ഓടിച്ചു. ചിലർ മടങ്ങിവന്നു് അപായമൊന്നുമില്ലെന്നറിയിച്ചിട്ടും പത്മാദേവിക്കും പെരുമാൾക്കും മനസ്സമാധാനം വരാഞ്ഞതിനാൽ പെരുമാൾ തന്നെ എഴുന്നെള്ളുവാനും തീൎച്ചയാക്കി.

വൈദ്യന്മാർ പലമാതിരി ഉഷ്ണോപചാരങ്ങളും ചെയ്തു രാജകുമാരന്റെ അസ്വാസ്ഥ്യം ക്ഷണത്തിൽകുറച്ചു. ഈ സമയത്തു് ആ പെൺകുട്ടി താൻ കാണിച്ച പ്രവൃത്തിയുടെ മാഹാത്മ്യം അറിഞ്ഞു സന്തോഷിച്ചുംകൊണ്ടു് അവിടെത്തന്നെ നില്ക്കുന്നുണ്ടായിരുന്നു. 'താരക' എന്നുപേരായ ആ കുട്ടിയെ രാജകുമാരൻ വലിയ കൃതജ്ഞതയോടുകൂടി ഇടയ്ക്കിടയ്ക്കു നോക്കിക്കൊണ്ടിരുന്നു. ശരീരം കുഴച്ചു സ്വാധീനമായിത്തീൎന്ന കുമാരനെ ഉടനെ രാജധാനിയിലേക്കു കൊണ്ടുപോകയും ചെയ്തു. അമ്പലക്കുളക്കരയിൽ ഈ സംഗതിനടന്ന ദിവസം വന്നുകൂടിയേടത്തോളം ജനങ്ങൾ മറ്റൊരു കാലത്തും അവിടെക്കൂടീട്ടില്ല. 'താരകക്കുട്ടി മഹാഭാഗ്യമനുഭവിക്കട്ടെ, അവൾക്കു ദീൎഘായുസ്സുണ്ടാകട്ടെ' എന്നും മറ്റും പറഞ്ഞനുഗ്രഹിക്കാത്തവർ അന്നവിടെ വന്നവരിൽ ആരുംതന്നെ ഉണ്ടായിരുന്നില്ല. ആ ബാലികയുടെ അച്ഛനമ്മമാ

ക്കു് അനുണ്ടായപോലെ കൃതാൎത്ഥതയും സന്തോഷവും മറെറാരിക്കലും ഉണ്ടായിട്ടുമില്ല.

## രണ്ടാം അദ്ധ്യായം.

മഹാരാജാവു പിറേറദ്ദിവസം താരകക്കുട്ടിയേയും അവളുടെ രക്ഷിതാക്കന്മാരേയും രാജധാനിയിലേക്കു വരുത്തി. ആ കുട്ടിക്കു് അനവധി സമ്മാനങ്ങൾകൊടുത്തു. എന്നു മാത്രമല്ല, സാമാന്യം ദാരിദ്ര്യമായിരുന്ന ആ കുടുംബത്തിനു് നല്ലൊരുപ്രഭുവിൻെറ നിലയിൽ കഴിഞ്ഞുകൂട്ടുവാൻ തക്കവണ്ണം വേണ്ട ഭൂമിയും കരമൊഴിവായി കല്പിച്ചുകൊടുത്തു. പിന്നെ വളരെസ്സന്തോഷത്തോടുകൂടി അവരോടു പലതും അരുളിച്ചെയ്തു. മഹാരാജ്ഞി താരകയെക്കണ്ട ഉടൻതന്നെ പിടിച്ചു മടിയിലിരുത്തി സ്നേഹത്തോടുകൂടി ആ കുട്ടിയുടെ പുറത്തു തലോടിക്കൊണ്ടിരുന്നു. സന്തോഷസൂചകമായി ചില വാക്കുകൾ പറഞ്ഞതിനുശേഷം പിറേറദിവസം നടന്ന സംഗതി മുഴുവനും താരകയെക്കൊണ്ടു വിസ്തരിച്ചു പറയിച്ചു. ഒടുവിൽ 'സുകൃതംചെയ്തജീവൻ, എന്നു ആ കുട്ടിയെ ഉദ്ദേശിച്ചുതന്നെതാൻ പറഞ്ഞു് അഭിനന്ദിക്കുകയും മേലാൽ ദിവസത്തിലൊരുതവണയെങ്കിലും അവളെ കാണണമെന്നു് ഏൎപ്പാടാക്കി പലസമ്മാനങ്ങളും കൊടുത്തയക്കുകയും ചെയ്തു.

രാജകുമാരൻെറ സുഖക്കേടു മുഴുവനും പിററന്നാളേക്കുതന്നെ നല്ലവണ്ണം മാറിയെങ്കിലുംക്ഷീണം തീരുവാൻ പിന്നെയും രണ്ടുദിവസത്തോളം വേണ്ടിവന്നു. ബാലചാപല്യംകൊണ്ടു് സാഹസം പ്രവൎത്തിച്ചു് ആപത്തു വരുത്തിക്കൂട്ടിയതിൽ അതിയായ ലജ്ജ തോന്നിയതിനാൽ മേലിൽ നല്ലവണ്ണം ആലോചിക്കാതെ അവിവേകമായി യാതൊന്നും പ്രവൎത്തിക്കില്ലെന്നു കുമാരൻ ഉറ

ച്ചു. അതുമുതൽക്കു് ആ രാജപുത്രൻെറ വിവേകഗുണത്തിനു പ്രത്യേകം ഒരു തെളിവും വന്നുകൂടി.

ഓമനത്തമ്പുരാനു് പററിയ ഈ അപകടസംഭവം ദിവസം കഴിയുംതോറും ക്രമേണ പഴകിപ്പോയതിനാൽ കാലക്രമംകൊണ്ടു നാട്ടുകാരുടെ ഉള്ളിൽ അതിന്നുണ്ടായിരുന്ന ഗൌരവവും മുറയ്ക്കു കുറഞ്ഞു തുടങ്ങി. അങ്ങനെ രണ്ടു മൂന്നു സംവത്സരം കഴിഞ്ഞപ്പോഴേക്കും രാജകുമാരന്മേൽക്കുമേൽ ഉണ്ടായിവരുന്ന ഓരോരോ യോഗ്യതകളെപ്പററിയല്ലാതെ മുമ്പു് നടന്ന ആ സംഭവത്തെപ്പററി ഓൎക്കുന്നതുതന്നെ ദുർല്ലഭമായിത്തീൎന്നു. താരകയുടെ പേരിൽ തോന്നിയിരുന്ന ബഹുമാനത്തിന്നും ശക്തി കുറഞ്ഞു് അവൾ "സൽസ്വഭാവമുള്ള ഒരു കന്യക" എന്ന നിലയിൽ മാത്രമായി. രാജ്ഞിയുടെമനസ്സിൽ താരകയെ കുറിച്ചുണ്ടായിരുന്ന പ്രീതിക്കു കാലപ്പഴക്കംകൊണ്ടു കുറവൊന്നും വന്നില്ലെങ്കിലും നിത്യപരിചയം നിമിത്തം ആ കന്യകയെക്കാണുമ്പോളെല്ലാം മേൽപറഞ്ഞ അപൽസംഭവം ഓൎത്തു എന്നു വരില്ലെന്ന സ്ഥിതിയായി. എന്നാൽ ആ സംഭവം കഴിഞ്ഞതിൽ പിന്നെ രാജകുമാരനും താരകയും തമ്മിൽ കണ്ടെത്തുന്ന സമയങ്ങളിലെല്ലാം, 'എൻെറ ജീവനെ രക്ഷിച്ച ബാലിക' എന്നുള്ള ബഹുമാനവും മമതയും രാജകുമാരൻെറ ഉള്ളിലും 'എൻെറ സഹായംകൊണ്ടു രക്ഷപ്പെട്ട തമ്പുരാൻ' എന്നുള്ള അഭിമാനവും മമതയും താരകയുടെ ഉള്ളിലും ബലമായിപ്പതിഞ്ഞിരുന്നു- എന്നുതന്നെയല്ല അവൾക്കു പ്രായവും ആലോചനാശക്തിയും കൂടിവരുംതോറും ഈ വിചാരങ്ങൾക്കും ശക്തി കൂടിവന്നിരുന്നു. അങ്ങനെ പരസ്പരം കണ്ടെത്തുമ്പോൾ മാത്രം ഉള്ളിൽ തോന്നിയിരുന്ന ആ സ്നേഹം ക്രമേണ വൎദ്ധിച്ചു കുറേ കഴിഞ്ഞപ്പോൾ തമ്മിൽ കാണാത്ത സമയങ്ങളിലും അവരുടെ ഹൃദയത്തിൽ തെളിഞ്ഞു പ്രകാശിച്ചുകൊണ്ടുമിരുന്നു.

യൌവനപ്രായമാകുന്നതിന്നു മുമ്പുതന്നെ ഓമനത്തമ്പുരാൻ സകലവിദ്യകളിലും ആയുധാഭ്യാസത്തിലും അസാമാന്യമായ

വൈപുണ്യവും സമ്പാദിച്ചു. ഓരോരോ ശാസ്ത്രജ്ഞന്മാരും രാജ്യതന്ത്രജ്ഞന്മാരും അഭ്യാസികളും തമ്പുരാനെക്കാണ്മാൻ വന്നുതുടങ്ങി. നാട്ടുകാർക്കെല്ലാം പ്രിയപ്പെട്ട ബാലനായിരുന്ന അദ്ദേഹം അവരുടെ ഭക്തിബഹുമാനങ്ങൾക്കു പാത്രമായിത്തീർന്നു. ശങ്കരൻ സകലകാര്യങ്ങളിലും അദ്ദേഹത്തിന്റെ മിത്രവുമായി. പുത്രന് യൌവനപ്രായമായപ്പോൾ പെരുമാളും രാജ്ഞിയും കീഴ്‌നടപ്പുപ്രകാരം മകന്റെ വിവാഹം കഴിക്കേണ്ടതിന്നുള്ള ആലോചനയും തുടങ്ങി.

മലയാളത്തിലും പരദേശങ്ങളിലും ഉള്ളവർതമ്മിൽ ഇക്കാലത്തെപ്പോലെ ആചാരഭേദമോ ആഭിജാത്യതർക്കമോ ഒന്നും പെരുമാക്കന്മാരുടെ കാലത്തുണ്ടായിരുന്നില്ല. മലയാളികളും പരദേശികളും തമ്മിൽ കന്യകമാരെ കൊള്ളക്കൊടുക്കയും അക്കാലത്തു സാധാരണയായിരുന്നു. പ്രഭുത്വംകൊണ്ടുള്ള യോഗ്യതയനുസരിച്ച് ചോളരാജവംശവും പാണ്ഡ്യരാജവംശവുമായിട്ടാണ് പെരുമാക്കന്മാർ വേളിയും പെൺകൊടയും നടത്തിവന്നിരുന്നത്. ആ രണ്ടു രാജവംശത്തിലും തരംപോലെ യോജിച്ച കന്യകമാരില്ലെങ്കിൽ മാത്രമേ സാമന്തരാജാക്കന്മാരുടെയോ പ്രഭുക്കന്മാരുടെയോ പുത്രിമാരെ അവർ വിവാഹം ചെയ്യാറുണ്ടായിരുന്നുള്ളു. പ്രായേണ എല്ലാ അംശംകൊണ്ടും ഓമനത്തമ്പുരാനു നല്ലവണ്ണം യോജിച്ച ഒരു കന്യക അക്കാലത്തു പാണ്ഡ്യരാജവംശത്തിലുണ്ടായിരുന്നു. 'നല്ലനി' എന്നുപേരായ ആ രാജപുത്രിയെത്തന്നെ പുത്രനെക്കൊണ്ടു വിവാഹം കഴിപ്പിക്കുവാൻ പെരുമാളും രാജ്ഞിയും നിശ്ചയിച്ചു. പിന്നെ പുത്രന്റെ ഇംഗിതം അറിഞ്ഞതിന്നു ശേഷം പാണ്ഡ്യരാജാവുമായി വേണ്ട ആലോചനകൾ നടത്തുകയും വിവാഹഘോഷത്തിന്നുള്ള ഏർപ്പാടുകൾ ചെയ്വാൻ കല്പനകൊടുക്കുകയും ചെയ്തു.

ഓമനത്തമ്പുരാന് ഈ വിവാഹനിശ്ചയം ആദ്യത്തിൽ ഒട്ടും മനസ്സമാധാനമുള്ളതായിരുന്നില്ല. താരകയും അദ്ദേഹവുമായി ഒരു വാക്കുപോലും അതുവരെ സംസാരിപ്പാനിടവന്നിട്ടില്ല,

ങ്കിലും അദ്ദേഹം ആ കന്യകയെ ദൃഢമായ അടിസ്ഥാനത്തോടു
കൂടി സ്നേഹിച്ചിരുന്നു. ഏതുകാൎയ്യത്തിലും പിതാവിന്റെ ഇഷ്ടപ്ര
കാരം പ്രവൎത്തിക്കുന്നതിന്നു വൈമനസ്യം കാണിക്കുന്നതു പുത്രധ
ൎമ്മമല്ലെന്നുള്ള ബോധവും അദ്ദേഹത്തിന്നു നല്ലവണ്ണം ഉണ്ടായി
രുന്നു. ഈ സംഗതിയെപ്പററി കുറെ ആലോചിച്ചതിന്നു ശേ
ഷം അദ്ദേഹം ഇങ്ങനെ ഉറച്ചു—"എന്നെ മരണത്തിൽനിന്നു
രക്ഷിച്ച താരകയ്ക്കു് എന്റെപേരിൽ പ്രീതിയുള്ളപക്ഷം ആ ക
ന്യകയെ സ്വീകരിക്കാതിരിക്കുന്നതു വലിയകൃതഘ്നതയാണു്. അ
തൊരു മനുഷ്യന്നു യോജിച്ചതല്ല. താരകയ്ക്കു പ്രീതി തോന്നീട്ടില്ലാ
ത്തപക്ഷം അച്ഛന്റെ ഇഷ്ടപ്രകാരം പ്രവൎത്തിക്കുന്നതിൽ ആ ക
ന്യകയ്ക്കു വിസമ്മതം വരുവാനും വഴിയില്ല. അതുകൊണ്ടു് ഒന്നാ
മതായി താരകയുടെ അഭിപ്രായമറിയുകയാണു് വേണ്ടതു. അതു
മററാരാലും വഴിക്കായാൽ വേണ്ടടത്തോളം സൂക്ഷ്മം കിട്ടിയില്ലെ
ന്നു വരാനാണെളുപ്പം. താരകയുടെ ഭവനത്തിലേക്കു ഞാൻതന്നെ
പോകുന്നതു് ഒരു രാജപുത്രന്റെ നിലയ്ക്കു് അത്ര ഭംഗിയായിരി
ക്കയുമില്ല. എങ്കിലും ഇക്കാൎയ്യത്തിൽ വേറെ ഒരു തരവും കാ
ണാത്തതിനാൽ ശങ്കരനേയുംകൂട്ടിക്കൊണ്ടു മററാരുമറിയാതെ
പോയിവിവരം അറിവാനേ നിവൃത്തിയുള്ളൂ. അതറിഞ്ഞതി
ന്നു ശേഷം പിന്നെ ചെയ്യേണ്ടതാലോചിക്കാം."

ഈ നിശ്ചയപ്രകാരം അന്നുരാത്രിയിൽത്തന്നെ ഓമനത്ത
മ്പുരാൻ താരകയെക്കാണ്മാൻ ചെന്നു. മാതാപിതാക്കന്മാരോടു
എന്നപോലെ തന്റെ ജീവനെ രക്ഷിച്ച താരക
യോടും വിവാഹത്തിന്നനുവാദം നേരിട്ടുചോദിച്ചറിവാനായി ത
മ്പുരാൻ എഴുന്നെള്ളീട്ടുണ്ടെന്നും അതിന്നു് അവിടെക്കനുവാദം
കൊടുക്കണമെന്നും ശങ്കരൻ മുൻകൂടിത്തന്നെ ആ കന്യകയുടെ
അച്ഛനമ്മമാരെ അറിയിച്ചു. അതിന്നു ശേഷമാണു് തമ്പുരാൻ
ആ ഭവനത്തിന്നുള്ളിൽ കടന്നതു്. താരകയെപ്പററിഓമനത്ത
മ്പുരാൻ കരുതിവരുന്ന കൃതജ്ഞതയുടെ ശക്തിയറിഞ്ഞപ്പോൾ
അവളുടെ മാതാപിതാക്കന്മാൎക്കുണ്ടായ സന്തോഷം ഇത്രയെന്നി

ല്ല. അവർ അദ്ദേഹത്തെ ഗൂഢമായൊരു സ്ഥലത്തു വേണ്ടതുപോലെ സൽക്കരിച്ചിരുത്തി. പിന്നെ അവരുടെ അനുവാദപ്രകാരം താരക തമ്പുരാന്റെ സമീപത്തുചെന്നു വിനയത്തോടുകൂടിനിന്നു.

തമ്പുരാൻ—അച്ഛൻ എന്റെ വിവാഹം നിശ്ചയിച്ചിട്ടുള്ള വർത്തമാനം താരക കേട്ടില്ലേ?,

താരക—ഇന്നലെ അവിടുത്തെ അമ്മ അരുളിച്ചെയ്തു,.

തമ്പുരാൻ—എന്നെപ്പററിയേടത്തോളംപ്രധാനമായ ഒരുകാര്യവും താരകയെ അറിയിപ്പാനും അഭിപ്രായം അറിഞ്ഞു പ്രവർത്തിപ്പാനും ഞാൻ കടപ്പെട്ടിട്ടുള്ളതുകൊണ്ടു ഇക്കാര്യത്തിൽ ചിലതു ചോദിച്ചറിവാനായിട്ടാണു ഞാൻവന്നിരിക്കുന്നതു്. താരക ഒരു കന്യകയാണെങ്കിലും ഒരു കാലത്തു എന്നെ മരണത്തിൽ നിന്നു രക്ഷപെടുത്തിയ ആളാണെന്നുള്ളതോർത്തു, ശരിയായ സമാധാനം തുടന്നു പറയണം. ഈ സംഗതിയിൽ അച്ഛന്റെ ഇഷ്ടവും എന്റെ ഇഷ്ടവും രണ്ടുവിധത്തിലായാൽ എന്താണു ചെയ്യേണ്ടതു്.

താരക—ഏതുസംഗതിയിലും അവിടുത്തെ അച്ഛന്റെ ഇഷ്ടം അനുസരിക്കാതിരിക്കരുതു്. അതു് അവിടെക്കും ഇഷ്ടമാണെന്നു തന്നെ കരുതിപ്രവർത്തിക്കണം. എന്നാൽ ശ്രീരാമനെപ്പോലെ-

തമ്പുരാൻ—ശരി പക്ഷെ എനിക്കു വലിയ ഉപകാരം ചെയ്തിട്ടുള്ള മറെറാരു കന്യകയ്ക്കു് ആത്മാർത്ഥമായി എന്റെ പേരിൽ പ്രീതിയുണ്ടെന്നുവരുന്നപക്ഷം ആ കന്യകയെ സ്വീകരിക്കാതിരിക്കുന്നതു കൃതഘ്നതയും കഷ്ടവുമല്ലേ? എന്നാൽ എന്തു ചെയ്യണം?

താരക—ശ്രീരാമനെപ്പോലെ ഏകപത്നീവ്രതം വേണമെന്നു് അവിടുന്നു് കരുതീട്ടില്ലാത്തപക്ഷം കരുണയോടുകൂടി ആ കന്യകയേയുംകൂടി സ്വീകരിക്കേണ്ടതാണു്. എന്നാൽ ഒരുരാജ്ഞിയുടെ പദവി ലഭിക്കണമെന്നുംകൂടി ആ കന്യക ആഗ്രഹിക്കുന്നുണ്ടെങ്കിൽ അവളുടെ സ്നേഹം അത്ര പരാർത്ഥ്യമല്ല. അതുകൊ

ണ്ടു് ആ കന്യകയുടെ സ്നേഹത്തിൻെറതരം നല്ലവണ്ണംപരീക്ഷിച്ചറിയണം. അതു നിഷ്കളങ്കമാണെന്നു കണ്ടാൽ മാത്രമസ്വീകരിക്കേണ്ടതുള്ളൂ. അങ്ങനെയാണെങ്കിൽ ഗൂഢമായിട്ടെങ്കിലും അവളേയും വിവാഹംചെയ്തു കയ്ക്കൊള്ളാതിരിക്കുന്നതു് എല്ലാ പ്രജകളും തന്നാൽ കഴിയുന്ന ഉപകാരം ചെയ്യാൻ കടപ്പെട്ടിട്ടുള്ള അവിടെക്കു കൃതഘ്നതയായിവരില്ലെങ്കിലും കഷ്ടമാണു്.

ഈ വാക്കുകൾക്കുതമ്പുരാൻ പറയുന്ന സമാധാനം കേൾപ്പാൻ അത്യന്തം ആഗ്രഹത്തോടുകൂടി താരക ചെവി കൂർപ്പിച്ചുംകൊണ്ടു നിന്നു. പക്ഷേ ഓമനത്തമ്പുരാൻ ഇതു കേട്ടപ്പോൾ കുറെ നേരം യാതൊന്നും മിണ്ടാതെ ചിന്താമഗ്നനായിരിക്കയാണു് ഉണ്ടായതു്. ആ മട്ടുകണ്ടപ്പോൾ താരകയ്ക്കും കുറച്ചൊരു പരിഭ്രമമുണ്ടായില്ലെന്നില്ല. മനസ്സിൽ പോററിവന്നമമതയുടെ ശക്തിനിമിത്തം രാജപുത്രനാണെന്നുള്ള സ്ഥിതിയോർക്കാതെ കുറച്ചധികം പറഞ്ഞുവോ എന്നു സംശയിച്ചു് ആ കന്യക പതുങ്ങിത്തുടങ്ങി. അങ്ങനെ അല്പസമയം കഴിഞ്ഞതിന്നുശേഷം പിന്നെയും അവർ തമ്മിൽ ചില സംഭാഷണങ്ങൾ നടന്നു. അതിൻെറ അവസാനത്തിൽ ഓമനത്തമ്പുരാൻ താരകയെ ഗാന്ധർവമായി പാണിഗ്രഹണവും ചെയ്തു. ആ വിവാഹം ഗൂഢമായിരിക്കണമെന്നു താരകയുടെ അച്ഛനമ്മമാരോടു തമ്പുരാൻ അപേക്ഷിച്ചതിനെ മകളുടെ ഭാഗ്യഗതിയോർത്തു സന്തോഷിച്ചുംകൊണ്ടിരിക്കുന്ന അവർ വളരെ കൃതജ്ഞതയോടുകൂടി സ്വീകരിച്ചു. ഓമനത്തമ്പുരാൻ പിന്നെ പിതാവിൻെറ ഇഷ്ടവും കീഴ്നടപ്പും അനുസരിച്ചു പാണ്ഡ്യരാജാവിൻെറ കന്യകയേയുംകൂടി വിവാഹം ചെയ്യാൻ താരകയോടനുവാദം വാങ്ങി ശങ്കരനോടുകൂടി തിരികേ പോരികയും ചെയ്തു. അതിന്നുശേഷം മാത്രമേ പെരുമാൾ തീർച്ചപ്പെടുത്തിയ ആ വിവാഹകാര്യത്തിൽ ഓമനത്തമ്പുരാന്നു മനസ്സമാധാനമുണ്ടായുള്ളൂ.

രാജകുമാരി, നല്ലിനിയുടെ വിവാഹം, കേരളചക്രവർത്തിടെ പുത്രൻെറ വേളിയാണെന്നുള്ള സ്ഥിതിക്കും പാണ്ഡ്യരാജാവിൻെറ മകളെയാണു് കൊണ്ടുവരുന്നതെന്ന സ്ഥിതിക്കും തക്ക

തായ പ്രാധാന്യത്തോടുകൂടി സുമുഹൂൎത്തത്തിൽ ശുഭമായി നടന്നു. ആ വിവാഹോത്സവത്തിനുണ്ടായ അട്ടക്കം ആഘോഷവും ഇന്നവിധമെന്നില്ല. പാണ്ഡ്യരാജാവിനെയും ബന്ധുക്കളെയും യോഗ്യതപോലെ ആദരിച്ചു സൽക്കരിക്കുന്നകാൎയ്യത്തിൽ പെരുമാൾതന്നെയാണ് പ്രത്യേകം ഏറ്റെപ്പെട്ടിരുന്നതു്. അതുപോലെ തന്നെ വധുവിൻെറ ബന്ധുക്കളായ സ്ത്രീജനങ്ങളെ സൽക്കരിക്കുന്നതിൽ പത്മാദേവിയും ആ രാജ്ഞിയുടെ പ്രധാനാശ്രിതയെന്ന നിലയിൽ താരക (താരകാദേവി)യും പ്രാധാന്യം വഹിച്ചിരുന്നു. ഒരേടത്തു് അപ്പുവിളിയും സ്ത്രീകളുടെ വായ്ക്കുരവയും അങ്ങിനെയൊരു ഘോഷം; മററൊരേടത്തു സദ്യയും ദക്ഷിണയും അങ്ങിനെ മററൊരു ഘോഷം; രാജധാനിയുടെ ചുററും പടകളുടെ പെരുമ്പറയും ആന, കുതിര മുതലായവയുടെ അലച്ചിയും അങ്ങനെ മഹാഘോഷം; രാജധാനിയിലും അടുത്തപ്രദേശങ്ങളിലും നിറച്ചു കൊടികളും അതിന്മേലെല്ലാം കാററത്താടിക്കൊണ്ടിരിക്കുന്ന കൊടിക്കൂറകളും; എവിടെ നോക്കിയാലും,

'ദ്വിതീയയാമിന്ദിര യെന്നുതോന്നും
നതാംഗിയാം നല്ലിനിദേവിയോടും
ക്ഷിതിക്കുജീവൻഗുണവൎമ്മദേവൻ
സുഖിച്ചുവാണീടുക ദീൎഘകാലം.'

എന്നുംമററും പലതരത്തിലും എഴുതീട്ടുള്ള ആശീൎവ്വാദങ്ങൾ; ആകപ്പാടെ ആ ശുഭദിവസം ജനങ്ങൾക്കെല്ലാം ഒരു മഹോത്സവം തന്നെയായിരുന്നു.

---

## മൂന്നാം അദ്ധ്യായം.

പുത്രിയുടെ വിവാഹം കഴിഞ്ഞു പാണ്ഡ്യരാജാവും പരിവാരങ്ങളും എല്ലാം മടങ്ങിപ്പോയി. ഓമനത്തമ്പുരാൻെറ ധൎമ്മപത്നിയും മഹാസുന്ദരിയുമായ നല്ലിനി വിനയംകൊണ്ടും സുശീലംകൊണ്ടും ആ തമ്പുരാനും പത്മാദേവിക്കും പെരുമാൾക്കും

ദിവസംപ്രതി അധികമധികം പ്രിയപ്പെട്ടവളായിത്തീൎന്നു. അരമനയിൽ പെരുമാറുന്നവൎക്കെല്ലാം ആ കൊച്ചുതമ്പുരാട്ടിയുടെ കല്പന നടത്തുന്നതു വലിയ സന്തോഷവും തമ്പുരാട്ടിയുടെ പേരിൽ അതിരററ ഭക്തിയും വിശ്വാസവുമായി. അതുപോലെ തന്നെ ഗുണവൎമ്മരാജാവിന്റെ ഗുണങ്ങൾ നല്ലിനിദേവിയുടെ മനസ്സിനെ സാമാന്യത്തിലധികം ആകൎഷിച്ചു കൃതാൎത്ഥ്യമാക്കിത്തീൎത്തു. എല്ലാംകൂടിനോക്കിയാൽ,

'സുധാംശുവുംരാത്രിയുമൊത്തമട്ടും
വിവേകവും വിദ്യയുമൊത്തമട്ടും
പ്രതാപവുംകീൎത്തിയുമൊത്തമട്ടും
നിതാന്തമാം ദംപതിമാർതെളിഞ്ഞു.'

എന്നു ചുരുക്കത്തിൽ പറയാം.

ഈ വിധത്തിൽ നല്ലിനിയുടേയും താരകയുടേയും പ്രത്യേകപ്രീതിക്കു പാത്രമായിത്തീൎന്ന ഗുണവൎമ്മരാജാവിനു നാലു സംവത്സരത്തോളം കാലം വളരെസ്സുഖമായിത്തന്നെ കഴിഞ്ഞുകൂടി. താരകയ്ക്കു് അഞ്ചുമാസം ഗൎഭവുമായി. അങ്ങനെയിരിക്കെ ഒരുദിവസം ഗുണവൎമ്മരാജാവു കിടന്നുറങ്ങുമ്പോൾ സ്വപ്നത്തിൽ താരകയെ ഉദ്ദേശിച്ചിട്ടെന്നപോലെ ചിലവാക്കുകൾ പറകയും ഉണൎന്നുകിടന്നിരുന്ന നല്ലിനിദേവി അതു കേൾപ്പാൻ ഇടവരികയുംചെയ്തു. ആ രാജ്ഞിക്കു ഗുണവൎമ്മരാജാവിന്റെ മേൽ ഉണ്ടായിരുന്ന സ്നേഹത്തിന്റെ ശക്തിനിമിത്തം അദ്ദേഹത്തിനു മററൊരാളിൽ പ്രീതിയുണ്ടെന്നുള്ള കാൎയ്യം അറിയുന്നതു വളരെ ദുസ്സഹമായിരുന്നു. ഈ സ്വപ്നവാക്കുകൾ കേട്ടപ്പോൾ രാജ്ഞിയുടെ ഹൃദയത്തിൽ സൂചികയററുന്നതുപോലെ കഠിനമായ ഒരുപദ്രവം തോന്നി. എന്നാൽ ആ വാക്കുകളിൽനിന്നു രാജാവിനു പ്രിയമുള്ള മററെസ്ത്രീ ഏതാണെന്നോ അവളുടെ പേരെന്താണെന്നോ അറിവാൻ കഴിഞ്ഞതിരുന്നില്ല. അ

ത്തിനാൽപിന്നെയു സ്വപ്നത്തിൽ വല്ലതും പറയുമോ എന്നു കാത്തു ചെവിയോർത്തുംകൊണ്ടും മനസ്സിന്നു തീരെ സമാധാനമില്ലാതെയും കുറച്ചുനേരം കഴിച്ചു. പിന്നെയൊന്നും രാജാവു പറയുന്നില്ലെന്നുകണ്ടപ്പോൾ സംഗതിയുടെ സൂക്ഷ്മവിവരം അറിവാൻ എന്താണുചെയ്യേണ്ടതെന്നുള്ള ആലോചനയായി. ഈ സംഗതി താനറിഞ്ഞവിവരം ഭർത്താവിനെ അറിയിച്ചാൽപിന്നെ ഒരുകാലത്തും സൂക്ഷ്മം അറിവുകിട്ടുവാൻ കഴിയാത്തവിധം അദ്ദേഹം ഈ ഗൂഢകാര്യം സൂക്ഷിച്ചേക്കാൻ എളുപ്പമുണ്ടെന്നും അതുകൊണ്ടു ഇങ്ങനെ ഒരു സംശയമുള്ളതായി നടിക്കുകപോലും ചെയ്തില്ലെന്നും ധീരയായ ആ ക്ഷത്രിയസ്ത്രീ തീർച്ചപ്പെടുത്തി. അതിനാൽ രാജാവിനെ വിളിച്ചുണർത്തുവാൻപോലും ഒരുങ്ങിയില്ല. എന്നാൽ മനസ്സിൽ കടന്നുകൂടിയ അസ്വാസ്ഥതകൊണ്ടും ഓരോരോവഴിക്കുള്ള വിചാരങ്ങൾകൊണ്ടും അന്നുരാത്രിമുഴുവനും ഉറക്കം വന്നതുമില്ല.

പിററന്നാളും പതിവുപ്രകാരമുള്ള പെരുമാററത്തിലും സംസാരത്തിലും നല്ലിനിയുടെ സമ്പ്രദായത്തിന്ന് വ്യത്യാസമൊന്നും ഉണ്ടായിരുന്നില്ലെങ്കിലും തലേന്നാൾ കഴിഞ്ഞസംഭവം മനസ്സിനെ എപ്പോഴും ശല്യപ്പെടുത്തിക്കൊണ്ടിരുന്നു. സഖിമാർക്ക് ഇതിനെപ്പററി വല്ലവിവരവും ഉണ്ടോ എന്നറിവാനായി പല ഉപായങ്ങളും പ്രയോഗിച്ചുനോക്കി. പക്ഷെ അവരൊന്നും വാസ്തവം അറിഞ്ഞിട്ടില്ലാത്തതിനാൽ ഫലമുണ്ടായില്ല. ഒടുവിൽ ആരുമില്ലാത്ത ഒരു സ്ഥലത്തു വ്യസനഭാവത്തോടെ മനോരാജ്യമായിരിക്കുകയും ഇടയ്ക്കിടയ്ക്ക് സ്പഷ്ടമല്ലാത്തവിധം കരയുകയുംചെയ്തു. നല്ലിനിയുടെ ആ സ്ഥിതി യദൃച്ഛയായി ഗുണവർമ്മരാജാവു കണ്ടെത്തി. പെട്ടെന്നു അദ്ദേഹം കുറച്ചു പരിഭ്രമിച്ചു എങ്കിലുംസങ്കടത്തിന്നുള്ള കാരണവുംകൂടി അറിഞ്ഞിട്ട് അടുത്തുചെല്ലാമെന്നുവിചാരിച്ച് ഇടയ്ക്കു വല്ലതും പറയുന്നുണ്ടോ എന്നറിവാനായി ചെവിയോർത്തുംകൊണ്ടു മറഞ്ഞുനിന്നു. ഊരും പേരുമറിയാത്ത ഒരു സ്ത്രീയെപ്പററി പലവിധത്തിൽ പു

ക്കെ പുലമ്പുന്നതും 'ഒന്നുകിൽ ഞാനവളെ കണ്ടുപിടിച്ചു് കൊല്ലിക്കും; അല്ലെങ്കിൽ എന്റെ ജീവനെ കളയും' എന്നു ശപഥംചെയ്യുന്നതും അദ്ദേഹം കേൾക്കുകയുംചെയ്തു.

രാജാവിനു കാൎയ്യമെല്ലാം മനസ്സിലായി. താൻ അ
വിടെ ചെന്നിരുന്നതു രാജ്ഞിയെ അറിയിക്കാതെതന്നെ അ
ദ്ദേഹം മടങ്ങിപ്പോന്നു. ആ ഗൃഢവൎത്തമാനം നല്ലിനിയെ
റിയപ്പെട്ടതാരായാലും അതു വലിയ ആപത്തായിത്തീരാതിരി
ൻ പ്രയാസമാണെന്നു അദ്ദേഹത്തിനു തോന്നിയതോടുകൂടി
രമാസകലം ഒന്നായി വിയൎത്തു. 'ഒന്നാമതായി അച്ഛനമ
നല്ലിനിയിൽ അതിയായ വാത്സല്യമുള്ളതുകൊണ്ടു് അവരെ
ങ്ങളെല്ലാം പറഞ്ഞു അവൎക്കു സ്പഷ്ടമായിത്തന്നെ വലിയ അ
ഉണ്ടായേക്കാം. അതുണ്ടായില്ലെങ്കിൽതന്നെ, സ്ത്രീ
ഗൃഢമായിവല്ല വിഷപ്രയോഗവും ചെയ്തു
ളെക്കൊന്നില്ലെങ്കിൽ എന്റെ ജീവനെ കള
ല്ലിനിയുടെ ശപഥം; അതുകൊണ്ടവനും സാ
ത്മഹത്യ ചെയ്വാനൊരുങ്ങിയേക്കാം. അങ്ങനെ
ളെ സ്ഥിതി എന്തായിരിക്കും; ശത്രുരാജാ
ദ് കഠിനാവ്യസനവും ഞങ്ങളുടെ പേരിൽ അതിയായ
ഉണ്ടാകുമെന്നുള്ളതു് പോകട്ടെ; ഞാൻ ഒരുവൻമൂലം ഈ രാ
ത്തിന്നു മുഴുവനും വിശേഷിച്ചു് അച്ഛനും തലപൊക്കാൻ വയ്യാ
ത്തവിധത്തിലുള്ള അപകീൎത്തിയാണുണ്ടാകുന്നതു്; പിന്നെ എ
ന്തിനിരിക്കുന്നു; എന്നെ മരണത്തിൽനിന്നു രക്ഷിച്ചും ന്യായമാ
യി തനിക്കു കിട്ടുവാനവകാശമുള്ള സകല പദവിയും ഉപേക്ഷി
ച്ചും എന്റെ പ്രീതിമാത്രം ആഗ്രഹിച്ചും പരിശുദ്ധമായി സ്നേ
ഹിക്കുന്നതാരക—അല്ല, ജനിക്കും മുൻപിൽതന്നെ നിൎഭാഗ്യം
തെളിയിക്കുന്ന ആ ശിശുവും ഞാൻനിമിത്തംതന്നെ മരിക്കുക;
അല്ലെങ്കിൽ അങ്ങിനെ ആയാലും വരേണ്ടതു്'; എന്നെപ്പോലെ
യുള്ള മഹാകൃതഘ്നന്മാരുടെ ആയുസ്സു രക്ഷിച്ചാൽ അവൎക്കുണ്ടാകുന്ന
ഫലം അതാണു്. ഇങ്ങിനെ പലതരത്തിലും ഭയപ്പെട്ടും വ്യസ

നിച്ചും തന്നെത്താൻ വെറുത്തും ആ ഗുണവൎമ്മരാജാവു കുറേനേ രം ചിന്താകുലനായിരുന്നു. കണ്ണിൽ വെള്ളം നിറഞ്ഞുകൊണ്ടു ഒടുവിൽ അഞ്ചാറു ദീൎഘശ്വാസം വിട്ടു. ഏതായാലും താരക യെ ഈ വൎത്തമാനം ഇന്നുതന്നെ അറിയിക്കണമെന്നും ആസാ ധുശീലയുടെ സുകൃതമുള്ള ജീവനെ എപ്പോഴും സൂക്ഷിപ്പാൻ ശ ങ്കരനെ പ്രത്യേകംചുമതലപ്പെടുത്തണമെന്നും തീൎച്ചയാക്കി. ശ ങ്കരനെ വിളിച്ചു വിവരം ഗ്രഹിപ്പിച്ചതിനുശേഷം സംഗതിക ...ല്ലാം താരകയോടു മുൻകൂട്ടി ചെന്നു പറവാനായി അയാളെ ...ച്ചു. 'അവൾ മൃദുസ്വഭാവയാണു്. പരിഭ്രമിച്ചു വ്യസ ...ാത്തവിധത്തിലേ മനസ്സിലാക്കാവൂ. ഗൎഭിണിയാണെന്നു ...വിശേഷിച്ചും ഓൎമ്മവെക്കണം' എന്നുള്ള വാക്കുകൾ ആ ...സ്തൃത്യനോടു അദ്ദേഹം രണ്ടുമൂന്നുപ്രാവശ്യം ആവൎത്തിച്ചു ...ഞ്ഞു.

...രണ്ടുനാഴികപ്പകലുള്ളപ്പോഴാണു് ശങ്കരൻ താര ...ചെന്നതു്. ആ സമയം ആ രാജപത്നിയും ...െ മുകപ്പിൽ അഴിയോടുചേൎത്തു പണിയിച്ചി ...മേൽ ഇരിക്കയായിരുന്നു. അമ്മ മകളുടെ ...ത്തംകൊണ്ടു് ഗൎഭകാലത്തിൽ ആചരിക്കേണ്ട ... ഉപദേശിച്ചിരുന്നു. ശങ്കരൻ വരുന്നതുകണ്ട ...ള്ളും താഴത്തേക്കിറങ്ങിവന്നു.

അമ്മ—എന്താ തമ്പുരാൻ ഇന്നിങ്ങോട്ടെഴുന്നെള്ളില്ലേ?

ശങ്കരൻ—ഉവ്വ്. ഞാനിന്നുമുതൽക്കു ഇവിടുത്തെ കാവ ...ക്കാരനാണു്.

അമ്മ—താരകയ്ക്കിതു് അഞ്ചല്ലേ ആയുള്ളൂ. ഇപ്പോഴേ കാത്തു തുടങ്ങണോ?

താരക—അമ്മക്കെപ്പോഴും നേരംപോക്കേ ഉള്ളൂ. ശങ്കര! കാൎയ്യ മെന്താണെന്നുപറയൂ!

ശങ്കരൻ—ഇവിടെ എന്തെല്ലാമാണ് വേണ്ടതെന്നന്വേഷിച്ചു കൊണ്ടു കുറേദിവസം ഇവിടെത്തന്നെ താമസിക്കണമെന്നാണ് തമ്പുരാന്റെ കല്പന. അല്ലാതൊന്നുമില്ല.

താരക—അവിടുത്തെ അനുഗ്രഹംകൊണ്ടു് ഇവിടെത്തന്നെ ആളുകളുള്ളപ്പോൾ ശങ്കരനെക്കൂടി എന്തിനു ബുദ്ധിമുട്ടിക്കുന്നു? ഞാനൊന്നും അവിടെ ഉണർത്തിക്കയും ഉണ്ടായിട്ടില്ല എന്താണിപ്പോൾ ഇങ്ങനെതോന്നുവാൻ കാരണം?

ശങ്കരൻ—തമ്പുരാന് ഇവിടെയുള്ള ഭൃത്യന്മാരെക്കാൾ അടിയനെ അധികം വിശ്വാസമുണ്ടായിരിക്കാം. തിരുവയറാണ്ടിരിക്കുന്ന കാലമായതുകൊണ്ടു ശുശ്രൂഷയിൽ ഇനി വിശേഷിച്ചും മനസ്സിരുത്തേണ്ടതുണ്ടല്ലോ. തമ്പുരാനിങ്ങനെ തോന്നുവാനുള്ള കാരണം നാട്ടുകാർക്കെല്ലാം ആശ്രയമായ അവിടുത്തെ ജീവനെ രക്ഷിച്ച—

താരക—ശങ്കരാ! മുഖസ്തുതി പറയാനാണോ വന്നതു്? അതെനിക്കുകേൾക്കേണ്ട. കാൎയ്യം പറയില്ലെങ്കിൽ അവിടുന്നെഴുന്നെള്ളുമ്പോൾ ചോദിച്ചുകൊള്ളാം.

ശങ്കരൻ—അടിയന്റെ വാക്കിൽ മുഖസ്തുതിയായിട്ടോ പരമാൎത്ഥമല്ലാതെയോ ഒന്നുമില്ല. ഇന്നുമുതൽ എപ്പോഴും ഇവിടെത്തന്നെ ഉണ്ടായിരിക്കണമെന്നു് അടിയനോടു് കല്പിച്ചിട്ടുണ്ടു്. വല്ലിനിത്തമ്പുരാട്ടിക്കു് അല്പം സുഖക്കേടുള്ളതുകൊണ്ടു് ഇങ്ങോട്ടെഴുന്നെള്ളുവാൻ പക്ഷെ കുറച്ചുതാമസമായേക്കാമെന്നറിയിപ്പാനും കല്പിച്ചു.

താരക—(അല്പം പരിഭ്രമത്തോടെ) അനുജത്തിക്കെന്താണു് സുഖക്കേടു്? അമ്മേ! അമ്മ ഇപ്പോൾതന്നെ ഒന്നുപോയി അറിഞ്ഞുവരാമോ?

ശങ്കരൻ—പരിഭ്രമിക്കാനൊന്നുമില്ലെന്നു അടിയനു നിശ്ചയമുണ്ട്. വേണമെങ്കിൽ നാളെ ഒന്നു പോവാം; അത്രമതി അവിടെയൊക്കെ നടക്കുന്നതും സംസാരിക്കുന്നതും അടിയൻ കണ്ടു. ഒരുകാൎയ്യം സാധിക്കുന്നതുകൊണ്ട് കുറെ ബുദ്ധിക്ഷയം പററിയിട്ടുള്ളവയാണെന്നാണ് തമ്പുരാൻ അരുളിച്ചെയ്തതു്.

താരക—എന്തുകാൎയ്യമാണാവോ. അനുജത്തിക്കു എന്തെങ്കിലും വിചാരിച്ചാൽ അപ്പോൾ സാധിക്കണം ഇല്ലെങ്കിൽ വലിയ കുണ്ഠിതമായി. അത്ര ശുദ്ധയാണു്. അല്ലെങ്കിൽ—രാജപുത്രിയല്ലെ; എന്നേപ്പോലെ ദാരിദ്ര്യം അനുഭവിച്ചവളല്ലല്ലോ. എന്നെക്കൊണ്ടു കഴിയുന്നതാണെങ്കിൽ കുറെബുദ്ധിമുട്ടുള്ളതായാൽകൂടി ചെയ്യാമായിരുന്നു. അതുപറയാൻ തന്നെ നിവൃത്തിയില്ലാത്തസ്ഥിതിയിലാണല്ലോ. അവിടുന്നെന്താണതു സാധിച്ചുകൊടുക്കാത്തതു്.

ശങ്കരൻ—തമ്പുരാനു നല്ല സമ്മതമില്ലാത്തതുകൊണ്ടായിരിക്കണം. അല്ലെങ്കിൽ അങ്ങനെ വരില്ലല്ലോ.

ബുദ്ധിമാനായ ശങ്കരൻ ഈ മാതിരിയിൽ താരകയുടെ മനസ്സിനെ പല വിഷയങ്ങളിലേക്കും കൊണ്ടുപോയിക്കൊണ്ടും ഇടയ്ക്കിടയ്ക്കു ഫലിതം പറഞ്ഞു രസിപ്പിച്ചും ഇടയ്ക്കു കുറച്ചൊന്നു കോപിപ്പിച്ചും കുറേശ്ശ കുറേശ്ശയായി ഉണ്ടായ വിവരങ്ങളെല്ലാം ഒരുവിധം ഗ്രഹിപ്പിച്ചു. സംഗതിമുഴുവനും മനസ്സിലായപ്പോൾ ആ രാജപത്നിയുടെ അമ്മയ്ക്കു വ്യസനംകൊണ്ടു മിണ്ടുവാൻ പോലും ശക്തിയില്ലാതെയായി താരകയും കുറച്ചുനേരം ഒന്നുംമിണ്ടാതെ ചില ആലോചനകളോടുകൂടിയിരുന്നു. പിന്നെ വളരെക്ഷമയോടുകൂടി ശങ്കരനെ നോക്കിക്കൊണ്ടു് ആ രാജപത്നി ഇങ്ങനെ പറഞ്ഞു.

"എനിക്കുണ്ടായിട്ടുള്ള ഭാഗ്യം സാധാരണ ഒരു സ്ത്രീക്കുണ്ടാവാൻ വിരോധമുള്ളതല്ലെങ്കിലും അനുജത്തിയേപ്പോലെ ജനനാ

ഷി
ൽ തന്നെ ഞാൻ അതിന്നവകാശപ്പെട്ടിട്ടില്ല. അതുകൊണ്ടു
കാൎയ്യത്തിൽ അനുജത്തിക്കു അവിടുത്തെപ്പേരിലുള്ള സ്നേഹത്തി
ൻെറ ശക്തികണ്ടു സന്തോഷിക്കയാണു വേണ്ടതു്. അതിന്നും
പുറമെ അവിടത്തെ അച്ഛൻെറ അനുഗ്രഹംകൊണ്ടാണു് ഒരു
പന്ത്രണ്ടോളം കാലമായിട്ടു ഞങ്ങളെല്ലാവരും ഈ നിലയിൽ
സുഖമായികഴിഞ്ഞുവരുന്നതു്. ഈ സ്ഥിതിക്കു ആ രാജകുടും
ബത്തിൽ ന്യായമായവകാശപ്പെട്ടവരുടെ സുഖം ഞങ്ങളെല്ലാവ
രുംജീവൻകളഞ്ഞിട്ടെങ്കിലും നോക്കേണ്ടതാണു്. ഞാൻനിമിത്തം
അനുജത്തി മരിക്കുകയുണ്ടായാൽ പിന്നൊരുജന്മത്തിലാണെ
നിക്കുഗതി. ജീവനുള്ളപ്പോൾഞാനതു സമ്മതിക്കില്ല. എന്നാൽ
എൻെറ പേരിൽ ഉള്ളിൽതട്ടിയ സ്നേഹമില്ലെങ്കിൽ എന്നെ
അവിടുന്നു വിവാഹംകഴിക്കുകതന്നെ ചെയ്യില്ലായിരുന്നു എന്നു
ള്ളതും എനിക്കു നിശ്ചയമുണ്ടു്. അതിനാൽ എൻെറ മരണ
വും അവിടേക്കു വലിയ വ്യസനത്തിന്നു കാരണമായേക്കാം. അ
റിഞ്ഞുംകൊണ്ടു് അവിടേക്കു വ്യസനത്തിന്നിടവരുത്തിയാലും
എനിക്കു മേലിലുണ്ടാകുന്ന ഫലം മഹാ നരകംതന്നെയാണു്.
വിശേഷിച്ചും ഇപ്പോഴത്തെ നിലയ്ക്കു ഒരു ജീവൻമാത്രമല്ലല്ലോ
നശിക്കുന്നതും. അതുകൊണ്ടു ഞാനും അമ്മയും അച്ഛനും
അവിടുത്തെ അനുവാദംവാങ്ങി കഴിയുന്നവേഗത്തിൽ ഈ
നാടുവിട്ടു പോകാനാണു് വിചാരിക്കുന്നതു്. അവിടുന്നു അ
തിന്നു സമ്മതിക്കാത്തപക്ഷം ശങ്കരനുംകൂടി പറഞ്ഞുസമ്മതിപ്പി
ക്കണം, ഇതുവരെ അവിടുത്തെ നിഷ്കളങ്കമായ പ്രീതിയും കരു
ണയും അനുഭവിച്ചതുകൊണ്ടുള്ള അഭിമാനംതന്നെ എനിക്കു
ജന്മസാഫല്യത്തിന്നു ധാരാളം മതിയാകുന്നതാണു്.'

ഇത്രയും പറഞ്ഞതിന്നുശേഷം കുടുകുടെച്ചാടിയിരുന്ന ക
ണ്ണീർ തുടച്ചുംകൊണ്ടു താരക അകത്തേക്കുപോയി. പിന്നാലെ
അമ്മയുംപോയി. ധീരനായ ശങ്കരനും ഈ വാക്കുകൾകേട്ടപ്പോ
ൾ ദുഃഖം ഒതുക്കാൻകഴിയാതെ തൊണ്ടയിടറി കണ്ണിൽ വെള്ളം
നിറഞ്ഞു്. ഇടനെഞ്ചു മുട്ടിത്തുടങ്ങി. 'കഷ്ടം' എന്നുമാത്രം

...താൻ പറഞ്ഞു് ആ രാജപത്നി പോയ വഴിയിലേക്കുനോക്കി താണുതൊഴുതു. പിന്നെ 'ഇത്രത്തോളം ഗുണംതികഞ്ഞതവരം ദൈവസൃഷ്ടിയിലുണ്ടു്" എന്നു താരകയെ ഉദ്ദേശിച്ചു വീണ്ടും തന്നത്താൻപറഞ്ഞു. 'എനിക്കായുസ്സുണ്ടെങ്കിൽ ഞാൻ തമ്പുരാട്ടിയെ രക്ഷിക്കും' എന്നു് അപ്പോൾതന്നെ മനസ്സുകൊണ്ടു പ്രതിജ്ഞയുംചെയ്തു.

ഗുണവർമ്മരാജാവും താരകയും അന്നു തമ്മിൽകാണുന്നതിനു മുമ്പിൽതന്നെ താരകയുടെ അഭിപ്രായം ശങ്കരൻ ആ രാജാവിനെഅറിയിച്ചിരുന്നു. തന്റെ മനസ്സിനുള്ള സമാധാനക്കുറവു കാണുമ്പോൾ താരകയ്ക്കു വ്യസനം അധികമാകാനിടയുള്ളതുകൊണ്ടു ആ പത്നിയുടെ സമീപത്തിൽവച്ചു അതു പ്രകാശിക്കാതെ കഴിക്കണമെന്നു കരുതിയുറപ്പിച്ചുംകൊണ്ടാണു് രാജാവു താരകയുടെ ഭവനത്തിലേക്കു ചെന്നതു്. താരകയും അതുമാതിരിതന്നെ മുൻകൂട്ടി മനസ്സുറപ്പിച്ചിരുന്നിരുന്നു. പക്ഷെ അതുകൊണ്ടു ഫലമൊന്നുമുണ്ടായില്ല. തമ്മിൽകണ്ട ഉടനെതന്നെ രണ്ടുപേർക്കും കണ്ണിൽ വെള്ളംനിറഞ്ഞുപോയി. "എന്നെയും ഈ വയറ്റിലെ ശിശുവിനെയും രക്ഷിക്കണം" എന്നു തൊണ്ടയിടറിപ്പറഞ്ഞുകൊണ്ടു് താരക രാജാവിനെ നമസ്കരിച്ചു. പെട്ടെന്നു ധാരധാരയായി ഒഴുകിത്തുടങ്ങിയ രാജാവിന്റെ കണ്ണീർ അഞ്ചാറുനിമിഷത്തോളം നേരം താരകയുടെ ശിരസിൽ ചുട്ടുചുടെ വീണു. "ഞാനനുഗ്രഹിച്ചിരിക്കുന്നു; എനിക്ക് എന്നിങ്ങനെ തൊണ്ടയിടറിക്കൊണ്ടു് പുറപ്പെട്ടുന്ന വാക്കുകളോടുകൂടി രണ്ടുകൈകളും അദ്ദേഹം പത്നിയുടെ ശിരസ്സിൽവെച്ചു. അതിനുശേഷമെ നമസ്കരിച്ചു കിടക്കുന്ന കിടപ്പിൽനിന്നു ആ സാധ്വി എഴുന്നീറ്റുള്ളു. പിന്നെ വളരെനേരം രണ്ടുപേരും യാതൊന്നും മിണ്ടാതെ കീഴ്പ്പോട്ടുനോക്കിക്കൊണ്ടും ഇടയ്ക്കിടയ്ക്കു കണ്ണീർതുടച്ചുകൊണ്ടും ഇരുന്നു. കുറെക്കഴിഞ്ഞപ്പോൾ രാജാവു ശങ്കരനെ വിളിച്ചുവരുത്തി അയാളോടു ഇപ്രകാരം കല്പിച്ചു:—

‘വളരെ ചെറുപ്പത്തിൽതന്നെ എൻെറ ജീവനെ രക്ഷിച്ചുതന്നു. എൻെറ പ്രീതിമാത്രംകരുതി തനിക്കു കിട്ടേണ്ട പദവിയും സുഖവും ഉപേക്ഷിച്ചു. ഇപ്പോൾ ഇതാ എനിക്കു അപകീർത്തി വന്നേക്കാമെന്നു ശങ്കിച്ച് ആത്മത്യാഗംചെയ്തും കഷ്ടപ്പെടുവാൻ ഒരുങ്ങിയിരിക്കുന്നു ഇങ്ങനെയുള്ള ആളെയാണ് ഞാൻ ശങ്കരൻെറ രക്ഷയിൽ അയക്കുന്നതു്. പ്രസവംവരെ പേരാററിൻകരയ്ക്കടുത്ത ഒരു പ്രദേശത്തു ഗൂഢമായി താമസിക്കുക. ഇതിലധികം ഒന്നും പറവാൻ ഞാനാളാകുന്നില്ല.

താരക—അവിടേക്ക് എൻെറപേരിൽ കരുണയുണ്ടായാലത്തെ ഫലം മഹാദുഃഖമാണെന്നു നല്ലവണ്ണം അനുഭവപ്പെട്ടുവല്ലോ. ഇനിയും അതിന്നിടവരുത്തരുതു്. ഞാൻ അച്ഛൻേറയുംമററും അപ്രീതിനിമിത്തം, വിവാഹംമുതൽ ഇതുവരെയും ഒരു നിമിഷംപോലും അവിടേക്കു മനസ്സമാധാനമില്ലാതാക്കിത്തീർത്തു. ഇപ്പോൾ കഠിനമായി വ്യസനിപ്പിക്കുന്നു- ഈ പാപംതന്നെ എങ്ങനെതീരും. ഇതിലധികം പാപമനുഭവിക്കാൻ എനിക്കു സംഗതിയാകരുതെ!

രാജാവു്—താരകേ! ഈ ഓരോ വാക്കും എൻെറ ഹൃദയംപിളക്കുന്നു. ഇതുകേട്ടപ്പോൾ ഉള്ളിൽതട്ടിയ വ്യസനംകൊണ്ടു താരക പെട്ടെന്നു വിറച്ചു. ഉടനെ ആ പതിവ്രത രാജാവിനെനോക്കി കരഞ്ഞുതൊഴുതുംകൊണ്ടു പറഞ്ഞു;—

അവിടുന്നു ക്ഷമിക്കണേ! ഒരു പത്നിയുടെ മുറനോക്കാതെ അനിഷ്ടംപറഞ്ഞുണ്ടായ അപരാധംപൊറുത്തു മാപ്പുതരണം, ആ മഹാനരകവും അനുഭവിപ്പിക്കരുതു്. ശങ്കരൻ കൂടെപ്പോന്നുകൊള്ളട്ടെ ഏതെങ്കിലും ഒരു പുണ്യസ്ഥലത്തുപോയി താമസിച്ചാൽ-കൊള്ളാമെന്നാണ് എനിക്കാഗ്രഹം.

ശങ്കരൻ—പേരാറു വളരെ പ്രധാനപ്പെട്ട ഒരു പുണ്യനദിയാണു്. പാണ്ഡവന്മാർ ആ നദിയിലാണ് പിതൃകർമ്മം ചെയ്തിട്ടു

ഉള്ളതെന്നും അഗസ്ത്യമഹൎഷിയുടെ ഹോമകുണ്ഡത്തിൽ നിന്നൊഴുകിയ തീൎത്ഥം അതിൽ ചേൎന്നിട്ടുണ്ടെന്നും പറഞ്ഞുവരുന്നുണ്ടു്. അതിൻെറ കരയിൽ അനേകം പുണ്യക്ഷേത്രങ്ങളുമുണ്ടു്.

രാജാവു — ഈ കാൎയ്യത്തിൽ രണ്ടുവിധത്തിലും വലിയ അപത്തിന്നിടവന്നേക്കാമെന്നുള്ളതുകൊണ്ടു കുറച്ചുകാലം ഇവിടം വിട്ടു താമസിക്കുന്നതിന്നു വിരോധംപറവാൻ എനിക്കു ധൈൎയ്യമില്ല. എന്നാൽ തല്ക്കാലം ഒരു തീൎത്ഥയാത്രകഴിഞ്ഞു വരുവാൻ പോയിരിക്കയാണെന്നുമാത്രമേ ഈ നാട്ടുകാർ വിചാരിക്കാവൂ. ആ നിലയിൽ സംസാരമാകണം.

താരക — അനുജത്തി ഈ കാൎയ്യം മനസ്സിലാക്കാൻ കഴിയാത്തതിനാലുള്ള നൈരാശ്യംകൊണ്ടു കഠിനമൊന്നും ചെയ്യാനിടവരാതെ സൂക്ഷിക്കണേ!

ഇങ്ങനെ അകപ്പാടെ ദുഃഖമായിത്തന്നെ താരകയുടെ ഭവനത്തിൽ ആ രാത്രി കഴിഞ്ഞുകൂടി. അരുണോദയത്തോടുകൂടി ഗുണവൎമ്മരാജാവു അരമനയിലേക്കു പുറപ്പെട്ടു. താരക അദ്ദേഹത്തിൻെറ കാക്കൽ "ഒടുവിലത്തെ നമസ്കാരമാണല്ലോ" എന്ന വിചാരംകൊണ്ടുണ്ടായ കഠിനവ്യസനത്തോടുകൂടി നമസ്കരിച്ചു. രാജാവു വല്ലാതെ നിറഞ്ഞുവഴിയുന്നകണ്ണുനീരോടുകൂടി ആ സാധ്വിയെ പലതവണയും തിരിഞ്ഞുനോക്കിക്കൊണ്ടു അവിടുന്നു ഒരുവിധം വിട്ടുപോന്നു. മാളികയിൽനിന്നു താഴത്തിറങ്ങി ശേഷം ആ പത്നിയെ രക്ഷിക്കേണ്ട സംഗതിയെപ്പററി ശങ്കരനോടു പിന്നെയും പലതും അരുളിച്ചെയ്തു. ഇടയ്ക്കിടയ്ക്കു വൎത്തമാനങ്ങളെല്ലാം ശ്രദ്ധമായി അറിയിക്കേണമെന്നും ഏല്പിച്ചു. പ്രഭാതത്തിന്നുമുമ്പിൽത്തന്നെ രാജധാനിയിലേക്കെഴുന്നള്ളുകയുംചെയ്തു.

# നാലാം അദ്ധ്യായം.

രാജപുത്രിയും അച്ഛനമ്മമാരും ശങ്കരനും പിറേറന്നാൾ തന്നെ ആ നാടുവിടുവാൻ തീൎച്ചയാക്കി. കൈമുതലായി ഇരിപ്പുള്ള ധനമെല്ലാം കയ്യിലെടുത്തു് മറെറല്ലാം വിശ്വസ്തനായ ഒരു ഭൃത്യനെ ഏല്പിച്ചു. പുലരുന്നതിന്നു് മുമ്പായിത്തന്നെ എല്ലാവരും പുറപ്പെട്ടു. ആ ജന്മഭൂമിയോടു് യാത്ര പറയുന്നതിൽ അവൎക്കു് അതികഠിനമായ സങ്കടമുണ്ടായിരുന്നു. മുമ്പോക്കം ഓരോ അടിവെക്കുമ്പോഴും ജന്മസ്നേഹം പിന്നോക്കം പിടിച്ചുവലിക്കുന്നതുപോലെ മനസ്സിന്നു വലിയ വല്ലായ്മയുണ്ടാക്കിത്തീൎത്തു. ഈ സമയത്താണു് താൻനിമിത്തം അച്ഛനും അമ്മയുംകൂടി ഈ സങ്കടം അനുഭവിക്കേണ്ടിവന്നുവല്ലോ എന്ന വിചാരവും അതിനെപ്പററി പറയാൻ കഴിയാത്തവിധത്തിലുള്ള പശ്ചാത്താപവും താരകയെ കഠിനമായി കഷ്ടപ്പെടുത്തിയതു്. സൽപുത്രിയായ താരക തന്റെ ദുൎഭാഗ്യശക്തിയെ സാമാന്യത്തിലധികം വെറുക്കുകയും മാതാപിതാക്കന്മാരോടു പലവിധത്തിലും ക്ഷമയാചിക്കുകയുംചെയ്തു. അവർ വളരെ വാത്സല്യത്തോടുകൂടി പല തരത്തിലും പുത്രിയെ സമാധാനപ്പെടുത്തി. അതിദുഃഖം അനുഭവിച്ചിട്ടുള്ളവരുടെ കഥകൾ പലതും പറഞ്ഞുകേൾപ്പിച്ചു.

നാടുവിട്ടുപോകുന്ന അവർ ആദ്യത്തിൽ ഇങ്ങനെ കുറെയധികം സങ്കടപ്പെട്ടുയെങ്കിലും ആ ജന്മഭൂമി ദൂരത്താകുന്തോറും ആ കാൎയ്യത്തിൽ അവൎക്കുള്ള ദുഃഖത്തിന്നും ശക്തി ക്രമേണ കുറഞ്ഞുവന്നുതുടങ്ങി. വഴിയാത്രചെയ്തു ശീലമില്ലാത്ത താരക നാലഞ്ചുനാഴികയോളം നടന്നപ്പോഴേക്കുംതന്നെ കാലുകുഴഞ്ഞു വല്ലാതെ തളൎന്നു. അന്നുമുഴുവനും അക്കാലത്തു പ്രസിദ്ധപ്പെട്ട പുണ്യസ്ഥലമായിരുന്ന തൃക്കണാമതിലകത്തു താമസിച്ചു. ഇങ്ങനെ വളരെ സാവധാനത്തിൽയാത്രചെയ്തു്, പുറപ്പെട്ടതിന്റെ എട്ടാം ദിവസം പേരാററിൻ കരയിലെത്തി. പിന്നെ ഒരുമാസത്തോളം കാലം ആ പുണ്യനദിയുടെ കരയിലുള്ള ഓരോ പ്രധാനക്ഷേത്ര

ങ്ങളിൽ തൊഴുവാനായി സഞ്ചരിച്ചും ഒന്നും രണ്ടും ദിവസങ്ങൾ അവിടവിടെ താമസിച്ചും കഴിച്ചുകൂട്ടി. ഒടുവിൽ 'തിരുവഞ്ചിക്കുഴി' എന്നുപേരായ ഒരു ഉൾനാട്ടിൽ ചെന്നുചേൎന്നു. ജനബാഹുല്യംകുറഞ്ഞു ആ പ്രദേശത്തുതന്നെ ശങ്കരൻെറ അഭിപ്രായപ്രകാരം പ്രസവകാലം കഴിയുന്നതുവരെ താമസിപ്പാൻ തീൎച്ചപ്പെടുത്തുകയും ചെറുതായ ഒരു ഗൃഹം ഒഴിച്ചുവാങ്ങി വളരെ ഒതുങ്ങിയ നിലയിൽ കാലക്ഷേപം കഴിച്ചുവരികയും ചെയ്തു.

സുഖദുഃഖങ്ങൾ ഇടകലൎന്നിരിക്കുമെന്നുള്ള ചൊല്ലിനെക്കാൾ ദുഃഖങ്ങളെല്ലാം ഒന്നോടൊന്ന് പിന്തുടൎന്നിരിക്കുമെന്നുള്ള പ്രമാണമാണ് താരകയെപ്പററിയെടത്തോളം അക്കാലത്തധികം ശരിയായിത്തീൎന്നത്. തിരുവഞ്ചിക്കുഴി നാട്ടിൽ താമസം തുടങ്ങീട്ട് കഷ്ടിച്ചൊരുമാസം കഴിയുന്നതിനുമുമ്പിൽതന്നെ ആ സാധുശീലയുടെ പിതാവ് പരലോകം പ്രാപിച്ചു. ആ ആധിയോടുകൂടി മാതാവ് ഒരുരോഗിണിയുമായിത്തീൎന്നു. ശങ്കരൻെറസാമൎത്ഥ്യംനിമിത്തം അച്ഛൻെറ മരണംകൊണ്ടോ അമ്മയുടെ രോഗംകൊണ്ടോ വലിയ കഷ്ടപ്പാടിനൊന്നും ഇടവന്നില്ലെയെങ്കിലും അമ്മയെ സമാധാനപ്പെടുത്തുന്നതിന്നോ തന്നെത്താൻ സമാധാനപ്പെടുത്തുന്നതിന്നോ അവരിലുള്ള സ്നേഹം എളുപ്പത്തിൽ സമ്മതിയ്ക്കാതെ താരകയെ കഠിനമായുപദ്രവിച്ചുവന്നു. അതുപോലെതന്നെ ഗൎഭം ക്രമത്തിൽ വളൎന്നുവരുന്തോറും എന്തെന്നില്ലാവിധം മനസ്സിലൊരു പീഡയും ഭൎത്താവിനെപ്പററിയുള്ള ചിന്തയും അധികമധികമായിക്കൊണ്ടിരുന്നു. ഇടയ്ക്കിടയ്ക്ക് ഇതെല്ലാം ദൈവഗതിയുടെ ശക്തിയാണെന്നുകരുതി കുറച്ചൊന്നു സമാധാനിക്കും; പിന്നെയും ഓരോന്നുവിചാരിച്ചു വ്യസനിക്കും; ഇങ്ങനെ ആകപ്പാടെ അച്ഛൻെറ മരണം, അമ്മയുടെരോഗം, നാട്ടുവിട്ടുപോന്നസ്ഥിതി, ഗൎഭംതികയാറായിട്ടുള്ളകാലം, ഭൎത്തൃവിരഹം ഇവയെല്ലാംകൂടി ശല്യപ്പെടുത്തുന്നതൊക്കെയും അനുഭവിച്ചുംകൊണ്ടു ആ സാധുസ്ത്രീ അക്കാലത്ത് ഓരോദിവസവും ഓരോ യുഗംപോലെയാണ് കഴിച്ചുവന്നത്.

പ്രസവംകഴിഞ്ഞു സുകുമാരനായ പുത്രന്റെ മുഖംകണ്ടപ്പോൾ താരകയുടെ ഹൃദയത്തിൽ തന്നെത്താനറിയാതെ പെട്ടെന്നു് ഒരു ആഹ്ലാദമുണ്ടാകനും ശരീരമാസകലം രോമാഞ്ചം കൊള്ളുകയുംചെയ്തു. പ്രസവശുശ്രൂഷയ്ക്കുവേണ്ട സ്ത്രീകളെയുംമറ്റുംശങ്കരൻ പ്രത്യേകംനിഷ്കൎഷിച്ചേൎപ്പെടുത്തിയിരുന്നതുകൊണ്ടും എല്ലാകാൎയ്യങ്ങളിലും അതിവിശ്വസ്തഭൃത്യൻഎപ്പോഴുംമനസ്സിരുത്തിയിരുന്നതുകൊണ്ടും തനിക്കു വന്നുചേൎന്നിട്ടുള്ള കഷ്ടസ്ഥിതിയോൎക്കാൻപോലും ആ രാജപത്നിക്കു സംഗതിവരുന്നില്ല. എന്നാൽ ഈററില്ലത്തു മററാരുമില്ലാത്ത സമയങ്ങളിലെല്ലാം ഭൎത്താവിന്റെ പ്രതിച്ഛായപോലെയിരിക്കുന്ന പുത്രനെത്തന്നെ നോക്കിക്കൊണ്ടിരിക്കയും ഇടയ്ക്കിടയ്ക്കു ദീൎഘശ്വാസം വിടുകയും മററും ചെയ്തിരുന്നതുകൊണ്ടു:—

ശോകേശപാതിതാനും നവപങ്കജോദര-
ശോഭിതങ്ങളാംകപോലങ്ങൾതൻപ്രഭയാലേ
ഗേഹാന്തൎഭാഗം തെളിയിക്കുമക്കുമാരനെ.
ശോകാൎത്തപാൎത്തുപാൎത്തു കണ്ണുനീർവാൎത്താൾചിരം’

എന്നുള്ള വിവരണം താരകയുടെ അവസ്ഥയ്ക്കും നല്ലവണ്ണംയോജിച്ചതുതന്നേയായിരുന്നു.

പുരുഷലക്ഷണം തികഞ്ഞിട്ടുള്ള പുത്രന്റെ ജാതകൎമ്മം മുതലായതെല്ലാം വിശിഷ്ടനായ ഒരുബ്രാഹ്മണനെക്കൊണ്ടു് അതാതു കാലങ്ങളിൽ കഴിപ്പിച്ചു. അവർ ക്ഷത്രിയവൎഗ്ഗത്തിൽപെട്ടവരാണെന്നും താരകയുടെ ഭൎത്താവു കുറെ ദൂരത്താണു് താമസിക്കുന്നതെന്നും ഉള്ളേടത്തോളം പരമാൎത്ഥം ഉൾനാട്ടുകാരെ മുമ്പുതന്നെ ഗ്രഹിപ്പിച്ചിരുന്നു. അതിനാൽ ഒരുക്ഷത്രിയ ശിശുവിനു് ഉചിതമായ വിധത്തിൽ തന്നെയാണു് എല്ലാകൎമ്മങ്ങളും നടത്തിവന്നതു്. ശിശുവിനെ മടിയിലിരുത്തി "മാനവൎമ്മൻ" എന്നു നാമകരണം കഴിച്ചസമയം അടുത്തുള്ള ക്ഷേത്രത്തിൽനിന്നു

ശുഭസൂചകമായ മണിനാദം കേൾപ്പാനും ഈ പുത്രൻ വലിയ പേരുകേട്ടവനായിത്തീരുമെന്നു ആ വിശിഷ്ടബ്രാഹ്മണൻ അനുഗ്രഹിപ്പാനും സംഗതിവന്നു. അപ്പോൾ താരകയുടെ കണ്ണിൽ സന്തോഷാശ്രുക്കൾ നിറഞ്ഞു വഴിഞ്ഞുതുടങ്ങി. പുത്രനെ നോക്കി മാനവർമ്മാ! മാനവർമ്മാ! എന്നിങ്ങനെ അഞ്ചെട്ടുതവണ വിളിച്ചിട്ടും ആ രാജപത്നിക്കു തൃപ്തിവന്നില്ല. എന്തിനധികം പറയുന്നു? ഈ വിധത്തിൽ വളരെ പ്രശാന്തവും ദുഃഖമിശ്രവുമായ ആ മാതിരി, ജീവിതം പോലും പുത്രജനനം മുതൽക്കു താരകയുടെ മനസ്സിന്നു അല്പം ഒരുന്മേഷമുണ്ടാക്കിത്തീർത്തു. അതുപോലെതന്നെ ശങ്കരൻ്റെ ഭക്തിയും ഭരണസാമർത്ഥ്യവും താരകയെ നല്ലവണ്ണം സമാധാനപ്പെടുത്തിയിരുന്നു. പലപ്പോഴും ശങ്കരാ! ഞങ്ങളെ ഈ വിധം രക്ഷിക്കുന്നതിൻ്റെ ഫലം ദൈവം അനുഭവിപ്പിക്കട്ടെ, എന്നു കരുണയോടുകൂടി കണ്ണീർ വാർത്തുംകൊണ്ടു ആ സാധുശീല പറയുകയുംപതിവായിരുന്നു. മകനെകളിപ്പിച്ചുംകൊണ്ടും ലാളിച്ചുകൊണ്ടും മിക്കസമയവും കഴിച്ചുകൂട്ടുവാൻ തരംവന്ന ആ ഉത്തമസ്ത്രീക്കു ദിവസങ്ങൾ കഴിഞ്ഞുവരുംതോറും ദേഹദുഃഖത്തിന്നും കുറച്ചൊരു ഉപശാന്തിയുണ്ടായില്ലെന്നില്ല. ശങ്കരൻ്റെ പ്രത്യേകശ്രദ്ധനിമിത്തം അമ്മയുടെ രോഗത്തിന്നും അഞ്ചെട്ടുമാസം കഴിഞ്ഞപ്പോൾ അല്പംശമനം കിട്ടി.

മാനവർമ്മകുമാരനു രണ്ടുവയസ്സുപ്രായമായിരുന്ന കാലത്തു ഒരു ദിവസം ശങ്കരൻ ഏകദേശം നാലുനാഴികപ്പകലുള്ളപ്പോൾ ആ ബാലനെ എടുത്തുംകൊണ്ടു ആററിൻ വക്കത്തേക്കുപോയി കരയിലുള്ള ചെടികളിൽ നിന്നു ചിലപൂക്കളും തളിരുകളും അറുത്തുകൊടുത്തു കുമാരനെ കളിപ്പിച്ചുംകൊണ്ട് അവിടെയെല്ലാം സഞ്ചരിച്ചുകൊണ്ടിരുന്നു. കുറച്ചുനേരം കഴിഞ്ഞപ്പോൾ ആ ആററിൻവക്കത്ത് അവിടെയവിടെയായി ആളുകൾ വന്നു കൂടുന്നതുകണ്ടു. ഇളയതമ്പുരാൻ തിരുമേനി മലനാടു മുഴുവനും സഞ്ചരിച്ചു കാണ്മാൻ എഴുന്നള്ളീട്ടുണ്ടെന്നും അന്ന് ആ ഉൾനാട്ടിന്നടുത്തുള്ള പ്രദേശമായ 'ശ്രീപുഷ്കരത്തെത്തീട്ടുണ്ടെന്നും

ഉച്ചതിരിഞ്ഞു പേരാററിൽ വഞ്ചികളിപ്പാൻ എഴുന്നെള്ളുമെന്നും ഉള്ള ഒരു നാട്ടുവൎത്തമാനം കേട്ടിട്ടാണ് ശങ്കരൻ കുമാരനേയും കൊണ്ടു പുഴവക്കത്തേക്കു പോയിരുന്നതു്. ജനങ്ങൾ വന്നു നില്ക്കുന്നതു കണ്ടപ്പോൾ ആ വൎത്തമാനം ശരിയായിരിക്കണമെന്നു തീൎച്ചപ്പെടുത്തി. ബുദ്ധിമാനായ ആ ഭൃത്യൻ പുഴവക്കിൽക്കൂടി നടന്നുനടന്നു മൂന്നുഭാഗവും ചെടികൾ നിറഞ്ഞിട്ടുള്ളതും ആററിലേക്കു മാത്രം നല്ലവണ്ണം കാണാവുന്നതുമായ ഒരു പ്രത്യേകസ്ഥലത്തുചെന്നുനിന്നു. വേഷം മാറുന്നതിനായി ചില സാമാനങ്ങളും മുൻകൂട്ടിത്തന്നെ കരുതിയിരുന്നു. താനൊരുഗോസായിവേഷം ധരിച്ചു. കുമാരനേയും അതിന്നുചേൎന്ന വേഷംകെട്ടിച്ചു. പിന്നെയും ചിലപാട്ടുപാടി ബാലകനെകളിപ്പിച്ചും കൊണ്ടു നിന്നു. അധികനേരം കഴിയുന്നതിന്നുമുമ്പിൽതന്നെ ഗുണവൎമ്മരാജാവു നാലുഭൃത്യന്മാരോടുകൂടി വഞ്ചികളിച്ചുംകൊണ്ടു എഴുന്നെള്ളുന്നതു കാണുകയുംചെയ്തു.

തമ്പുരാനെ ദൂരത്തു കണ്ടപ്പോൾ ആ ഭൃത്യൻ ഭക്തിയോടുകൂടി വന്ദിക്കയും ചെയ്തുവെങ്കിലും എഴുന്നെള്ളത്തു അടുത്തു വന്നപ്പോൾ ഗോസായിവേഷത്തിന്നു ചേൎന്നവിധത്തിൽ ചിലപാട്ടുപാടി ബാലനെക്കളിപ്പിച്ചുകൊണ്ടുനില്ക്കുകയാണുണ്ടായതു്. തന്റെ അവസ്ഥിതി ഗുണവൎമ്മരാജാവിന്റെ പ്രത്യേക ശ്രദ്ധക്കു വിഷയമാകുന്നുണ്ടെന്നു മനസ്സിലായപ്പോൾ ഇങ്ങനെയൊരുപാട്ടുപാടി.

വാനിൽപോയി പിതാവാംഖഗംസദാ
ദീനമായിക്കിടപ്പാണുമാതാവും
ത്രാണിയായാരുമില്ലാ,കപോതിയ
കാണിനേരംവിടാൻ വഴികണ്ടീല.

ഗോസായിയുടെ ഈ പാട്ടുകേട്ടുകാൎയ്യംമനസ്സിലായഗുണവൎമ്മരാജാവു പാട്ടുകേൾക്കാനെന്നവ്യാജത്തിൽതോണിപതുക്കെത്തുഴയുവാൻകല്പനകൊടുത്തു. വൎത്തമാനം ഇടയ്ക്കിടയ്ക്കറിയിപ്പാൻ തരംവരാഞ്ഞതസംഗതിയും മററും ഈ വിധം ഉപായത്തിൽതന്നെ ഗ്രഹിപ്പിച്ച ആ വിശ്വസ്ത ഭൃത്യനേയും പുത്രനേയും രാജാവു

കണ്ണിമയ്ക്കാതെ അത്യാൎത്തിയോടുകൂടി തൃക്കൺപാൎത്തു. ഉടനെ തൃക്കണ്ണിൽനിന്നു് അഞ്ചെട്ടു കണ്ണീർത്തുള്ളികൾ പെട്ടെന്നുവീണു. മററുള്ളവർ കാണാതിരിക്കാൻ അററിലെവെള്ളം കൊണ്ടു തിരുമുഖംകഴുകി. കണ്ണുകഴുകിക്കാണേണ്ടവിധം സുകുമാരനായ പുത്രനെത്തന്നെ വീണ്ടും നോക്കിക്കൊണ്ടു സാവധാനത്തിൽ എഴുന്നെള്ളുകയുംചെയ്തു.

ഈ സംഗതികളെല്ലാം ശങ്കരൻ താരകയെ അറിയിച്ചപ്പോൾ ആ സാദ്ധ്വിയുടെ മനസ്സിന്നു് ഇന്നവിധത്തിലുള്ള വികാരമേ ഉണ്ടായുള്ളുവെന്നില്ല. മകനെഎടുത്തു മടിയിൽവെച്ചു ആ രാജപത്നി കരഞ്ഞുതുടങ്ങി. ഭൎത്താവിന്നു് പുത്രനെക്കാണ്മാൻ സംഗതിയായതുകൊണ്ടുള്ള സന്തോഷവും തനിക്കുവന്ന കഷ്ടസ്ഥിതിയെ ഈസംഭവം ഒന്നുപുതുക്കിയതുകൊണ്ടുള്ള സന്താപവും ഹൃദയത്തിൽ തിങ്ങിവിങ്ങിക്കൊണ്ടിരുന്നതിനാൽ കുറെ നേരം യാതൊന്നും പറവാൻ ആളാവാതെ കരഞ്ഞുംകൊണ്ടുതന്നെ കഴിച്ചു. പിന്നെ

ശങ്കരനെന്തിനാണു് അവിടെയ്ക്കിപ്പോഴും എന്നെപ്പററി വ്യസനമുണ്ടാക്കിത്തീൎത്തതു്.

ശങ്കരൻ—തമ്പുരാന്നു് ഇവിടത്തെക്കുറിച്ചുള്ള സ്നേഹം എന്നും പച്ചയായിത്തന്നെയാണിരിക്കുന്നതു്. അതിനാൽ പുത്രനെക്കാണിച്ചു സന്തോഷിപ്പിക്കുകയാണു അടിയൻ ചെയ്തതു്.

താരക—അവിടുന്നു് ഉണ്ണിയെക്കണ്ടപ്പോൾ എന്തുചെയ്തു?

ശങ്കരൻ—കൌതുകംകൊണ്ടു വിടൎന്ന, തൃക്കണ്ണുകൾ കുളുൎക്കുന്നുണ്ടെന്നു തോന്നുന്ന വിധത്തിൽ കുറച്ചുനേരം കൊച്ചുതമ്പുരാനെ നോക്കിക്കൊണ്ടിരുന്നു. അപ്പോഴേയ്ക്കുതന്നെ പെട്ടെന്നുകണ്ണുനീർ നിറഞ്ഞുപോയി, ഇത്രയും കേട്ടപ്പോഴേയ്ക്കുതന്നെ താരകയുടെ കണ്ണിലും കണ്ണീർ നിറഞ്ഞുവീണുപോയി.

ശങ്കരൻ—പിന്നെ പലതവണയും തിരുമുഖംകഴുകി കൊച്ചു തമ്പുരാനെത്തന്നെ അത്യാത്തിയോടുകൂടി തൃക്കൺ പാത്തുകൊണ്ട് എഴുന്നള്ളി;'

താരക:—ഉണ്ണിയുടെ യോഗംപോലെയെല്ലാം ഉണ്ണിയും അനുഭവിക്കട്ടെ!

അല്ലാതെന്തുചെയ്യും,'

ഇങ്ങനെ പറഞ്ഞു ആ വത്തമാനം അമ്മയെ അറിയിപ്പാനായി കുമാരനെ എടുത്തുംകൊണ്ടു അകത്തേയ്ക്കുപോയി. ശങ്കരൻ ഈ സംഭവംകൊണ്ടു അദ്യത്തിൽകുറച്ചു കൃതാത്ഥതയുണ്ടായെങ്കിലും പിന്നെ ചില ആലോചനയ്ക്കും അതുകാരണമായിത്തീന്നു. ആ ആലോചനകളുടെ ചുരുക്കം ഇങ്ങനെയാണു:-

'നാട്ടുവിട്ടു പോന്നിട്ടു് ഇപ്പോൾ രണ്ടുസംവത്സരം കഴിഞ്ഞിരിക്കുന്നു. നല്ലിനിദേവിക്കു താരകാദേവിയുടെ സൂക്ഷ്മവത്തമാനം ഇതുവരേയും അറിവുകിട്ടീട്ടില്ലെന്നാണു് തോന്നുന്നതു്. പക്ഷേ അറിവുകിട്ടീട്ടു ആ കോപം ശമിക്കാതെ പ്രതികാരം ചെയ്യണമെന്നു കരുതിക്കൊണ്ടിരിക്കയാണെന്നും വരാം. ഏതായാലും ഇപ്പോഴും ആ സംഗതിക്കു ശരിയായ ഉപശമനം ഉണ്ടായിട്ടില്ലെന്നു് തീച്ചതന്നെ. തമ്പുരാനു കഷ്ടിച്ചെങ്കിലും ഒരു സമാധാനമുണ്ടായാൽ താരകാദേവിയെ ഉടൻതന്നെ തിരിയെക്കൊണ്ടുപോവാതിരിക്കയില്ല. എന്നുമാത്രമല്ല, ഇന്നത്തെ സംഭവത്തിന്റെ സ്വഭാവംകൊണ്ടു അവിടെക്കിപ്പോഴും തീരെ മനസ്സമാധാനമുണ്ടായില്ലെന്നു സ്പഷ്ടമായിട്ടുമുണ്ടു്. എല്ലാംകൂടി നോക്കുമ്പോൾ ഈ സ്ഥിതിയിൽ ഇവിടെ താമസിക്കുന്നതുകൊണ്ടു താരകാദേവിയുടെ ദുർഭാഗ്യത്തിന്നു മോചനം കിട്ടുവാൻ ഒരു വഴിയും ഉണ്ടാവില്ലെന്നാണു് വിചാരിക്കേണ്ടതു്. അതിന്നും പുറമെ തമ്പുരാൻ പുത്രവാത്സല്യം നിമിത്തം ഇനിയും ഗൂഢമായി ഈ പ്രദേശത്തേക്കെഴുന്നെള്ളുവാനും കാലദോഷംകൊണ്ടു അതെങ്ങാനും

വെളിപ്പെട്ട വൈഷമ്യത്തിലായിത്തീരാനും സംഗതി വരില്ലെന്നും തീച്ചപ്പെടുത്താവുന്നതല്ല. കുമാരനു വിദ്യാഭ്യാസം തുടങ്ങേണ്ട കാലമാവാനും രണ്ടു വത്സരത്തിലധികം കാലമില്ല. ഒരു ക്ഷത്രിയകുമാരന്റെ നിലയ്ക്കുവേണ്ട വിദ്യാഭ്യാസത്തിനുള്ള സൌകര്യം ഈ ഉൾനാട്ടിൽ തീരെക്കുറവാണു്. ഒന്നിനും കൊള്ളരുതാത്തപോലെ ഈവിധം ഒതുങ്ങിത്താമസിച്ചു ദിവസം കഴിച്ചുകൂട്ടുന്നതിൽ ഞാനും സാമാന്യത്തിലധികം കുഴങ്ങുന്നുണ്ടു്. അതിനാൽ അധികകാലം താമസിക്കാതെ മലയാളംവിട്ടു മറെറാരുരാജ്യത്തുപോയി താമസിക്കുന്നതാണു നല്ലതു്. എന്നാൽ രാജകുമാരന്റെ വിദ്യാഭ്യാസത്തോടുകൂടിത്തന്നെ എനിക്കു പരാക്രമംകൊണ്ടു പേരുനേടാനും ഇടയായേക്കാം. ആ വഴിയ്ക്കു കുമാരനേയും ഒരു നല്ല സ്ഥിതിയിലാക്കി താരകാദേവിയുടെ മനശ്ശല്യം മിക്കതും തീക്കാനും കഴിവുണ്ടാകും. പിന്നെ ഭത്തൃദുഃഖം എന്നുള്ള സംഗതിയാണു്. പുത്രന്റെ ഐശ്വര്യത്തിനും യോഗ്യതയ്ക്കും കാലക്രമത്തിൽ അതു ദൈവഗതിയാണെന്നുവെച്ചു സമാധാനിപ്പിക്കാനെങ്കിലും കഴിയാതിരിക്കില്ല.

മേലാൽ വേണ്ടകാര്യങ്ങൾ ശങ്കരൻ അന്നുതന്നെ ഇങ്ങനെയെല്ലാം ആലോചിച്ചു തീച്ചയാക്കിയെങ്കിലും ആ വിവരം താരകയോടു പറയുന്നതു കുറച്ചുദിവസം കഴിഞ്ഞിട്ടു മതിയെന്നാണു വെച്ചതു്. ഗുണവമ്മരാജാവിന്റെ എഴുന്നെള്ളത്തു നിമിത്തം പുതുമപ്പെട്ടിരിക്കുന്ന ദുഃഖം കുറെയൊന്നു ശമിച്ചിട്ടാണു് ആ രാജപത്നിയെ ഈ സംഗതി അറിയിക്കുകനല്ലതെന്നും അല്ലാത്തപക്ഷം ആ ദുഃഖം വദ്ധിപ്പാൻ കാരണമായേക്കാമെന്നും ആ ഭൃത്യൻ കരുതിയിരുന്നു. ഏകദേശം രണ്ടുമാസം കഴിഞ്ഞതിന്നുശേഷം കുമാരന്റെ വിദ്യാഭ്യാസകാര്യം പ്രധാനമാക്കി വെച്ചുംകൊണ്ടു് ആ ഉൾനാടുവിട്ടു് ഏതെങ്കിലും ഒരു പട്ടണപ്രദേശത്തുപോയി താമസിക്കേണ്ടതു അത്യാവശ്യമാണെന്നു താരകയെ അറിയിച്ചു.

താരക—'ശങ്കരൻ പറഞ്ഞതു ശരിയാണു്. പക്ഷേ മലനാട്ടിലെ ഏതുപട്ടണത്തിൽ താമസിച്ചാലും ശങ്കരനേയും എ

ന്നേയും അറിയുന്നവരുണ്ടാകും. ആ വഴിക്ക് ഇനിയും ആപത്തിന്നിടവന്നാലോ?”

ശങ്കരൻ—‘അതുകൊണ്ടുമററൊരു രാജ്യത്തേക്കുതന്നെ പോകാതെ നിവൃത്തിയില്ല. ചോളനാട്ടിലെ കാവേരിപ്പൂമ്പട്ടണത്തിലായാൽ എല്ലാ സൌകൎയ്യവുമുണ്ട്. വൈഷമ്യത്തിന്നൊന്നും വകയുമില്ല. മൂക്കുമുങ്ങിയാൽ പിന്നെ മൂവാൾക്കായാലെന്താ? തൻനാടുവിട്ടവൎക്കു മററെല്ലാ നാടും ഒരുപോലെതന്നെ.’

താരക—കഷ്ടം! അവിടുത്തെ രാജ്യത്തിൽതന്നെ എനിക്കു താമസിപ്പാൻ പാടില്ലെന്നാണു് ദൈവവിധി. അതും സഹിക്കുകതന്നെ.

ഇങ്ങനെ പറഞ്ഞു രണ്ടുമൂന്നു നെടുവീൎപ്പിട്ടു. ഉടനെ അവിടംവിട്ടു പോവാനും തീൎച്ചയാക്കി. ആ ഉൾനാട്ടുകാരും താരകയുമായി കഷ്ടിച്ചു മൂന്നു വത്സരത്തോളം മാത്രമേ പരിചയത്തിന്നിടയായിട്ടുള്ളുവെങ്കിലും ആ സുശീലയുടെ യാത്ര അവൎക്കു വലിയ സങ്കടത്തിന്നു കാരണമായിത്തീൎന്നിരുന്നു. കുമാരനെപ്പിരിയുന്നതോൎത്തു് അവരെല്ലാവരുടെയും കണ്ണിൽ വെള്ളം നിറഞ്ഞു. പലരും ആ ബാലനെ കൈമാറിയെടുത്തു ചുംബിക്കുകയും ശിരസ്സുതൊട്ടനുഗ്രഹിക്കയും ചെയ്തു. ‘ഉണിക്കാളി’ എന്നു പേരായ ഒരു ദാസി ബാലനെപ്പിരിയുന്ന സങ്കടംകൊണ്ടു് അവളേയുംകൂടി കൂടെക്കൊണ്ടുപോകണമെന്നപേക്ഷിച്ചു. താരകയും ശങ്കരനും അതു സന്തോഷത്തോടെ സമ്മതിച്ചപ്പോൾ അവൾക്കുണ്ടായ ഉത്സാഹം ഇത്രയെന്നില്ല.

അവർ തിരുവഞ്ചിക്കുഴി നാട്ടിൽനിന്നു പുറപ്പെട്ടതിന്റെ പതിനഞ്ചാംദിവസം കാവേരിപ്പൂമ്പട്ടണത്തിലെത്തി. നാലഞ്ചുദിവസത്തിന്നുള്ളിൽ ആ പട്ടണത്തിന്നു വളരെ അടുത്തുതന്നെ ഒരു ഗൃഹം വാങ്ങി താമസവും ഉറപ്പിച്ചു. പലതരത്തി

ലുള്ള പ്രധാന സംഭവങ്ങളും ഇടവിടാതെ ഉണ്ടായിക്കൊണ്ടിരിക്കുന്ന ആ മുഖ്യപട്ടണത്തിൽ പരിചയിച്ചു തുടങ്ങിയതുമുതൽക്ക ശങ്കരൻെറ യോഗ്യതയും ക്രമത്തിൽ വെളിപ്പെട്ടുതുടങ്ങി. കഷ്ടിച്ച് ഒരു സംവത്സരം കഴിഞ്ഞതപ്പോഴയ്ക്കുംതന്നെ ശങ്കരൻ സകല ശാസ്ത്രങ്ങളിലും ആയുധാഭ്യാസത്തിലും അതിനിപുണനാണെന്നുള്ള പേർ ആ നാടെല്ലാം പരന്നു. ജനങ്ങൾക്കെല്ലാം ആ വീരപുരുഷനെ വലിയ ബഹുമാനമായി. പേരുകേട്ട ശങ്കരൻെറ പ്രത്യേക നിഷ്കൎഷയോടുകൂടി മാനവൎമ്മകുമാരൻെറ വിദ്യാഭ്യാസവും ആരംഭിച്ചു.

---

## അഞ്ചാം അദ്ധ്യായം.

ഗുണവൎമ്മരാജാവിൻെറ സ്വപ്നവൃത്താന്തമടങ്ങിയ ഗ്രന്ഥവൎത്തമാനം അറിവാനായി ആർ മാസത്തോളംകാലം കഴിയുന്നേടത്തോളം ശ്രമിച്ചിട്ടും സൂക്ഷ്മവിവരമൊന്നും ഉണ്ടാകാതെ നല്ലിനിദേവിക്കു നിരാശപ്പെടേണ്ടിവന്നു. മനസ്സിൽ ആ വൎത്തമാനം വല്ലാത്ത ശല്യമായിത്തോന്നിയിരുന്നുവെങ്കിലും ബുദ്ധിയും ഭൎത്താവിൻെറ പേരിൽ അതിസ്നേഹവുമുള്ള ആ രാജ്ഞി തനിക്കു നല്ല വിശ്വാസമുള്ള രണ്ടു സഖിമാരോടല്ലാതെ മറെറാരാളോടും ആ സംഗതി പറയുകയോ പുറത്തുക്കു ലേശമെങ്കിലും പ്രകാശിപ്പിക്കുകയോ ചെയ്തിരുന്നില്ല. നല്ലിനിദേവി ആപത്തൊന്നും വരുത്താതിരിപ്പാൻവേണ്ടി ജാഗ്രതയോടുകൂടി കരുതിക്കൊണ്ടിരുന്ന ഗുണവൎമ്മരാജാവും ആ രാജ്ഞിയുടെ സഖിമാരോടുള്ള സംഭാഷണങ്ങളും മററന്വേഷണങ്ങളും അതിഗൂഢമായി ശ്രദ്ധവെച്ചറിഞ്ഞുകൊണ്ടുവന്നു. ആ വഴിക്കു തൻെറ സ്വപ്നത്തിൽ നിന്നാണ് നല്ലിനിക്ക് ആ വൎത്തമാനം അറിവാനിടവന്നതെന്നുള്ള സംഗതിയും മനസ്സിലാക്കാൻ കഴിഞ്ഞതിനാൽ കുറെസ്സമാധാനവുമുണ്ടായി. എന്നാൽ സൂക്ഷ്മസ്ഥിതിയറിവാൻ പലമാതിരിയും ശ്രമിച്ചുനോക്കിഫലിക്കാഞ്ഞിട്ടും. പിന്നെയും അതറിയുന്ന

തിൽ അത്യാവേശമുണ്ടായിട്ടും, രാജ്ഞി യാതൊന്നും പുറത്തു പറ
ഞ്ഞു പ്രകാശിപ്പിക്കുന്നതും തന്നോടുള്ള പെരുമാററത്തിൽപോ
ലും ലേശം വ്യത്യാസം കാണിക്കാതിരിക്കുന്നതും ഗുണവർമ്മരാജാ
വിന്ന് ആ പത്നിയിൽസ്നേഹവും ബഹുമാനവും അധികപ്പെട
ത്തു ശങ്കയും വർദ്ധിക്കുന്നതിന്നു കാരണമായിത്തീരാതിരുന്നില്ല.
ഒരു വിധത്തിലും ആ സംഗതിയുടെ തത്വം മനസ്സിലാക്കാൻ ക
ഴികയില്ലെന്നു കണ്ടപ്പോൾ ഗൃഢകാര്യം സൂക്ഷിക്കുന്നതിൽ ഗു
ണവർമ്മരാജാവിനുള്ള സാമർത്ഥ്യം ഓർത്തു നല്ലിനിദേവിക്ക് ആ
രാജാവിന്റെ പേരിലുള്ള ബഹുമാനവും ഇടയ്ക്കിടയ്ക്കു വർദ്ധിക്കാ
തിരുന്നില്ല. എങ്കിലും തന്റെ സാമർത്ഥ്യക്കുറവുകൊണ്ടാണോ
അറിവാൻകഴിയാത്തതെന്ന ശങ്കയേക്കാളധികം സ്വപ്നവാക്കു
ചിലസമയംവെറുംവാക്കായും വന്നേക്കാമോ എന്ന സംശയമാ
ണ് ആ രാജ്ഞിക്ക് നിരാശയിൽ തുടങ്ങിയത്. ആ സംശയ
വും പുറത്തുകാണിപ്പാൻ അഭിമാനം രാജ്ഞിയെ സമ്മതിച്ചിരു
ന്നതുമില്ല. ഈവിധത്തിൽതന്നെ ആ രാജാവിനും രാജ്ഞിക്കും
ഒട്ടധികം കാലം കഴിഞ്ഞുകൂടി. കാലക്രമത്തിൽനല്ലിനിദേവി
ഗർഭിണിയായി. ആ ഗർഭത്തിന്റെ ആദികാലത്താണ് കഴിഞ്ഞ
അദ്ധ്യായത്തിൽ പറഞ്ഞിട്ടുള്ള രാജ്യസഞ്ചാരം ഗുണവർമ്മരാജാ
വ് ആ രാജ്ഞിയോടുകൂടിക്കഴിച്ചുവന്നത്.

നല്ലിനിദേവിയുടെ ഗർഭം പത്മാദേവിയുടെ പ്രത്യേകശ്ര
ദ്ധയോടും പെരുമാൾ വംശത്തിലെ വധുവിന്നുണ്ടായ കടി
ഞ്ഞിൽ ഗർഭമെന്നുള്ള നിലയ്ക്കുചേർന്ന ഉപചാരങ്ങളോടും മംഗ
ളക്രിയകളോടുംകൂടി ക്രമത്തിൽ വളർന്നു. കാലം തികഞ്ഞപ്പോ
ൾ ഗുണവർമ്മരാജാവിന്റെയും നല്ലിനിരാജ്ഞിയുടേയും ഛായ
കൾകൂടിച്ചേർന്ന ഒരു പ്രതിബിംബംഉരുക്കി വാർത്തുണ്ടാക്കിയതു
പോലെ അതിമനോഹരനായ ഒരു കുമാരനും ജനിച്ചു. ഭാനു
വർമ്മപ്പെരുമാൾക്ക് ആ അവസരത്തിലുണ്ടായ പരമാനന്ദം ഇത്ര
യെന്നുപറവാൻ കഴിയാത്ത വിധത്തിലായിരുന്നു. കാണുന്നവർക്കെ
ല്ലാം ധനം വാരിക്കൊടുത്തുംകൊണ്ടാണ് അദ്ദേഹം പൌത്രനെ
ക്കാണ്മാൻ എഴുന്നെള്ളിയത്. ഉണ്ണിയെക്കാണുമ്പോൾ അന്ന

ദാശ്രുക്കൾനിറഞ്ഞതിനാൽ പലതവണയും ആ മഹാരാജാവി ന്നു കണ്ണുകൾ തുടയ്ക്കേണ്ടിയും വന്നു. അദ്ദേഹം അന്നുചെയ്ത ദാനധമ്മങ്ങൾക്കോ ഒരു കണക്കുമില്ല. ജനങ്ങൾ ആ മംഗളവ ൎത്തമാനം നാട്ടിലെല്ലാം ഓടിയോടിപ്പറഞ്ഞു പരത്തുകയും നാട്ടു കാർ അവരുടെമേൽ പലമാതിരി സമ്മാനങ്ങളും വാരിവാരി വ ഷിക്കുകയും ഓരോ തരക്കാരും അവിടെയവിടെ കൂടിക്കൂടി ആ ൎപ്പുവിളിക്കയും പടകൾ വീണ്ടുംവീണ്ടുംപെരുമ്പറയടിക്കയും എ ല്ലാം കൂടി അന്നത്തെ ദിവസം മുഴുവനും ഒരു മഹാഘോഷംത ന്നെയായിരുന്നു. കേരളചക്രവത്തിയുടെ പ്രജകളിൽ ആ കുമാര ജനനംകൊണ്ടു് ആനന്ദിക്കാത്തവരോ ആവിശേഷദിവസംകൊ ണ്ടാടാത്തവരോ ഒരാളുംതന്നെയുണ്ടായിരുന്നില്ല. ഗുണവമ്മരാ ജാവിനു് ആ പുത്രനെക്കണ്ടപ്പോൾ ശരീരമാസകലം ഒന്നായി രോമാഞ്ചം കൊണ്ടുപോയി. എന്നാൽ സൂക്ഷ്മം പറകയാണെ ങ്കിൽ ആ പുത്രദശനം നിമിത്തം പേരാററിൻകരയിൽവെച്ചു ഒരു നോക്കുകണ്ട ഗോസായിക്കുട്ടിയുടെ ഓമ്മയ്ക്കു പെട്ടെന്നു് ഒരു ജീവൻ കൂടിയതിനാൽ അദ്ദേഹത്തിൻെറ ഹൃദയത്തിലെ ആന ന്ദത്തിനുള്ളിൽതന്നെ തീക്ഷ്ണവീൎയ്യമുള്ള ഒരാധിയുംകൂടി അ സ്പഷ്ടമായി പ്രകാശിച്ചിരുന്നു. അതിനാൽ—

'ചേണാന്തിങ്കളൊക്കുമക്കുമാരനെച്ചിരം
ക്ഷോണീന്ദ്രൻപാൎത്താൻകണ്ണുസ്തംഭിതബാഷ്പാകുലം.

എന്നുള്ള സ്ഥിതിയാണു് ഗുണവമ്മരാജാവിന്നു് ആ അവസര ത്തിൽ വാസ്തവത്തിലുണ്ടായതു്.

സുമുഹൂൎത്തത്തിൽ 'വീരവമ്മൻ' എന്നു പേരിട്ട ആ രാജകു മാരനിൽ ഓരോ ദിവസം കഴിയുംതോറും തേജസ്സു വദ്ധിച്ചുതുട ങ്ങി. അതുപോലെ തന്നെ—

ഉണ്ണിക്കുമെല്ലെദ്രഷ്ടിയുറച്ചുതുടങ്ങീതു
നിന്നിമിത്തമാംമുഗ്ദ്ധഹാസവുമൊട്ടൊട്ടഹോ
കുന്ദകുഡ്മളമൊക്കുംദന്തത്തിൻപുറപ്പാടും
സ്തന്യപാനത്തിലറിഞ്ഞീടുമാറായിവന്നു' എന്നും,

'പിടിച്ചുമെല്ലെന്നഥ പിച്ചനിന്നാൻ
പടുത്വമില്ലാഞ്ഞുമറിഞ്ഞുവീണാൻ
നടന്നുനാലഞ്ചടിമന്ദമന്ദം
കിടന്നുരുണ്ടാനവനിവിഭാഗേ.' എന്നും മററും

പറഞ്ഞിട്ടുള്ള ക്രമത്തിൽ ആ രാജകുമാരൻ വളൎന്നുവരികയും ചെയ്തു. ക്രമേണ രാജഗൃഹത്തിലുള്ളവൎക്കും നാട്ടുകാൎക്കും അതിപ്രിയനായും തീൎന്നു. കുമാരൻ ജനിച്ചതുമുതൽ നല്ലിനിദേവിയുടെ മനസ്സിലും, മകനെ ലാളിച്ചു സുഖിക്കുന്നതിലുള്ള ആസക്തിവിശേഷംകൊണ്ടോ മാറരസ്യസ്വഭാവത്തിന്റെ മാതിരികൊണ്ടോ എന്തോ ഗുണവൎമ്മരാജാവിന്റെ സ്വപ്നവാക്കിനെപ്പററിയുണ്ടായിരുന്ന വിചാരവും ക്രമേണ കുറഞ്ഞുവന്നു. അതിന്നും പുറമെ വീരവൎമ്മകുമാരനു് ഏകദേശം അറുവയസ്സുപ്രായമായ കാലംമുതൽ ഒരു ശിശുവിനെക്കൂടി രക്ഷിച്ചു വളൎത്തുവാൻ നല്ലിനിക്കു സംഗതിയും വന്നുചേൎന്നു.

ആ ദേവിയുടെ സോദരനായ പാണ്ഡ്യരാജാവിന്റെ പത്നി 'വെൺമാൎക്കുമരി' എന്നരാജ്ഞി ദൈവവിധിയുടെ ശക്തിയാൽ അക്കാലത്തു പരലോകം പ്രാപിച്ചുപോയി. ഏകദേശം മുപ്പതുവയസ്സുമാത്രം പ്രായമായിരുന്ന ആ രാജ്ഞിക്കു ഒരുപുത്രനും രണ്ടുപുത്രിമാരും ഉണ്ടായിരുന്നു. 'മണിമല്ലിക,' എന്നു പേരായ ചെറിയ പുത്രിക്കു് അപ്പോൾ കഷ്ടിച്ചു രണ്ടുവയസ്സേ ആയിരുന്നുള്ളൂ. ആ കഠിനസംഭവം അറിഞ്ഞു നല്ലിനിദേവി ഉടപ്പിറന്നവനെയും മക്കളേയും കാണ്മാൻ ചെല്ലുകയും ആ കുട്ടികളെ പലതരത്തിലും ആശ്വസിപ്പിച്ചുംകൊണ്ടു കുറച്ചുദിവസം അവിടെത്താമസിക്കയും ചെയ്തു. തിരിയെ പോരുമ്പോൾ സോദരന്റെ അനുവാദത്തോടുകൂടി ആ ചെറിയ കന്യകയേയും കൂട്ടിക്കൊണ്ടുപോന്നു. ആ ബാലികയെ പുത്രിയേപ്പോലെ ലാളിച്ചു വളൎത്തിത്തുടങ്ങി. ആദ്യം കുറച്ചുകാലത്തിന്നു് ആ കന്യകയുടെ പേരിൽ വാത്സല്യംപോലെതന്നെ 'അമ്മയില്ലാത്ത കുട്ടി' എന്ന അനുതാപവുംകൂടി തോന്നിയിരുന്നുവെങ്കിലും ക്രമേണ വാത്സ

ല്യം വർദ്ധിച്ച പെററമ്മ താൻതന്നെയാണെന്ന നിലയിലായിത്തീൎന്നതിനാൽ ഒരു സ്ത്രീപ്രജയുണ്ടായാലത്തെ സന്തോഷവും നല്ലിനിദേവി അനുഭവിച്ചുവന്നു. അതിന്നനുസരിച്ചുതന്നെ വീരവൎമ്മനും മണിമല്ലികയും ദൃഢമായ സഹോദരസ്നേഹത്തോടുകൂടി പരസ്പരം പെരുമാറിക്കൊണ്ടാണു വളൎന്നുവന്നതു്. കാലക്രമത്തിൽ അവൎക്കു വിദ്യാഭ്യാസവുംകൂടി സിദ്ധിച്ചുവരുന്തോറും രാജകുമാരൻ ബുദ്ധിശക്തിക്കും രാജകുമാരി ബുദ്ധിഗുണത്തിനും ഉത്തമദൃഷ്ടാന്തങ്ങളായിത്തീരുകയും ചെയ്തു.

നല്ലിനിക്കു താരകയെക്കുറിച്ചുള്ള അന്വേഷണം തീരെയില്ലാതായെന്നു കണ്ടപ്പോൾ ഗുണവൎമ്മരാജാവിന്നും കുറച്ചുദിവസത്തേക്കു മനസ്സമാധാനം വന്നില്ലെന്നില്ല. പക്ഷെ അതു നേരെ വിപരീതമായിട്ടാണു് ഒടുവിൽ വന്നുകൂടിയതു്. താരകയെ കൊണ്ടുപോരേണ്ടതിന്നു ശങ്കരനെ കാണ്മാനായി ഒരു ശ്രദ്ധഭൃത്യനെ അദ്ദേഹം 'തിരുവഞ്ചിക്കുഴി' നാട്ടിലേക്കു് അയയ്ക്കുകയുണ്ടായി. ശങ്കൻതിരുവഞ്ചിക്കുഴി നാടുവിട്ടു പോയിട്ടുമൂന്നിലധികം വത്സരമായെന്നും ഇപ്പോൾ എവിടെയാണെന്നു് ആ നാട്ടുകാൎക്കു് നിശ്ചയമില്ലെന്നും ആണു് ആ ഭൃത്യൻ തിരിയെ വന്നറിയിച്ചതു. അതുകേട്ടപ്പോൾ വീണ്ടും വിഷണ്ണനായിത്തീൎന്ന രാജാവു, പേരാററിൻകരയിൽ എന്നുമാത്രമല്ല മലയാളത്തിൽ മുഴുവനും ആ വിശ്വസ്ത ബന്ധുവിനെ അന്വേഷിച്ചുവരുവാൻ രണ്ടുമൂന്നുതവണ ആളെ അയച്ചു. അതും ഫലിക്കാഞ്ഞപ്പോൾ ശങ്കരൻ അപായശങ്കകൊണ്ടു് ആളെ അറിയിക്കാതിരിക്കുകയായിരിക്കുമോ എന്നു സംശയിച്ചു. താൻതന്നെ ഒരു രാജ്യസഞ്ചാരവുംകൂടി കഴിപ്പാൻ തീൎച്ചയാക്കി. പെരുമാളുടെ അനുവാദംവാങ്ങി പുറപ്പെട്ടു മലനാടും കൊങ്ങുനാടുംമുഴുവൻ ഇടവിടാതെ സഞ്ചരിച്ചുനോക്കി. ആ സഞ്ചാരത്തിന്റെ അവസാനംമുതൽ അദ്ദേഹത്തിന്റെ ഹൃദയത്തിൽ ഒരിരുമ്പുകട്ടി ചുട്ടുപഴുത്തു് എന്നും ആറാതെ കിടക്കുന്നതുപോലെ ഒരാധിയും വന്നുകൂടി. പക്ഷേ ആ മനശ്ശല്യത്തിന്നും ധീരനായരാജാവിന്റെ ഉള്ളിൽമറഞ്ഞുകിടക്കുവാന

ല്ലാതെ ലേശംപോലും പുറത്തു പ്രകാശിപ്പാൻ കഴിഞ്ഞിരുന്നില്ല. എങ്കിലും വീരവൎമ്മകുമാരന്റെ ഗുണങ്ങൾ കാണുമ്പോളെല്ലാം മാനവൎമ്മകുമാരന്റെ ഓൎമ്മ വന്നിരുന്നതുനിമിത്തം ദുഃഖംകലരാത്ത പുത്രസുഖം അനുഭവിപ്പാൻ അദ്ദേഹത്തിന്നു സംഗതിവന്നിരുന്നതുമില്ല.

ആ വിധത്തിൽത്തന്നെ പത്തുസംവത്സരത്തോളം കാലംകഴിഞ്ഞുകൂടി. പതിനാറു വയസ്സുമാത്രം പ്രായമായ വീരവൎമ്മകുമാരൻ ശാസ്ത്രങ്ങളിലും ആയുധപ്രയോഗങ്ങളിലും അതിനിപുണനായിത്തീൎന്നു. രാജകുമാരിയും കലാവിദ്യകളിൽ സാമാന്യം സാമൎത്ഥ്യം സമ്പാദിച്ചു. ആ കുമാരിയെ കാണുന്നവൎക്കെല്ലാം കണ്ണിന്നൊരു കുളൎമ്മയും തോന്നിത്തുടങ്ങി. അതുപോലെതന്നെ ആ കന്യകയുടെ സുശീലം നല്ലിനിദേവിക്കു അതിരററസന്തോഷവും കൃതാൎത്ഥതയുമുണ്ടാക്കിത്തീൎക്കകയും ചെയ്തു. പെരുമാൾക്കും പത്മാദേവിക്കും ആ കുമാരന്റെയും കുമാരിയുടെയും വിനയഗുണംകണ്ടു കണ്ണിൽസന്തോഷാശ്രു നിറയാതെ ഒരു ദിവസംപോലും ഉണ്ടായിരുന്നില്ല.

ഇഹലോകസുഖം എത്രതന്നെ ഉൽകൃഷ്ടമായിരുന്നാലും അതു സ്ഥിരമാകാൻ പാടില്ലെന്നാണല്ലോ ദൈവവിധി. കേരളചക്രവൎത്തിയായ ബാണവൎമ്മപ്പെരുമാൾ സകല ഭാഗ്യങ്ങളും സമ്പൂൎണ്ണമായിരിക്കത്തന്നെ പെട്ടെന്നു രോഗപീഡിതനായിത്തീൎന്നുപോയി. നാലുദിവസംകഴിഞ്ഞപ്പോൾ നിൎമ്മലമായ യശസ്സുമാത്രം എന്നെന്നേക്കും ഭൂമിയിൽ സ്ഥാപിച്ചുംകൊണ്ടു അദ്ദേഹം പരലോകം പ്രാപിക്കയുംചെയ്തു. ലോകപിതാവായ അദ്ദേഹത്തിന്റെ ദേഹവിയോഗത്തിൽ രാജധാനിയും രാജ്യവുമെല്ലാം വളരെക്കാലത്തിനു പൊങ്ങിവരാൻ കഴിയാത്തവിധം ദുഃഖസമുദ്രത്തിലേക്കു താണുപോകയെന്നു പറയേണ്ടതില്ലല്ലോ. മുഖംവാടി കണ്ണുകലങ്ങിയവരല്ലാതെ ഒരു മനുഷ്യനെങ്കിലും മലയാളത്തിൽ അപ്പോളുണ്ടായിരുന്നില്ല. ദുഃഖസൂചകമായ വാദ്യങ്ങളുടെശബ്ദമല്ലാതെ ഒരു മനുഷ്യന്റെ ശബ്ദംപോലുംകേൾപ്പാനുണ്ടായിരു

ന്നതുമില്ല. സകലജനങ്ങളും മനസ്സുമങ്ങിയും തൊണ്ടവരണ്ടും തമ്മിൽ തമ്മിൽ ദൃഷ്ടിപതിച്ചുനോക്കാതെ വലിയ ചിന്തയിൽപ്പെട്ടവരെപ്പോലെ പരവശന്മാരായിത്തീൎന്നിരുന്നു. രാജധാനിയിലെ സ്ഥിതിയോ പറയേണ്ടതില്ല. പത്മാദേവി ആരുമില്ലാത്ത സ്ഥലത്തു എപ്പോഴും ഈശ്വരനാമം ജപിച്ചുകൊണ്ടും കണ്ണീരിൽമുങ്ങിക്കൊണ്ടും ഇരുന്നും കിടന്നും സമയം കഴിക്കുന്നു. നല്ലിനിദേവി ഇടനെഞ്ചുമുട്ടി തൊണ്ടയിടറി ഇടയ്ക്കിടയ്ക്കു നെട്ടുവീൎപ്പിട്ടുകൊണ്ടു മറെറാരിടത്തിരിക്കുന്നു. കാണുന്നവൎക്കുംകൂടി കരച്ചിൽവരുന്ന വിധത്തിൽ മണിമല്ലിക ഒരുകിൽ ചെന്നിരുന്നു കരയുന്നു. ധീരനായ ഗുണവൎമ്മരാജാവു് ഒരുന്മേഷവുമില്ലാതെ മുഖം മങ്ങിക്കൊണ്ടു മിക്കസമയത്തും മൌനമായിത്തന്നെ പുരോഹിതന്മാരോടുകൂടി കഴിച്ചുകൂട്ടുന്നു. വീരവൎമ്മകുമാരൻ പിതൃക്രിയയ്ക്കുവേണ്ടി സാധനങ്ങൾ ഒരുക്കീട്ടുള്ള സ്ഥലങ്ങളിൽ കൂടക്കൂടെ ചെന്നുനോക്കിക്കൊണ്ടും പ്രധാനപുരോഹിതനോടും മാത്രം ചില വാക്കു പതുക്കെ സംസാരിച്ചുകൊണ്ടും ചിലപ്പോൾ അങ്ങുമിങ്ങും അധോമുഖനായി നടക്കുന്നു. മന്ത്രിമാർ ഓരോരോപ്രവൃത്തികൾ നടത്തുന്നുണ്ടെങ്കിലും ഒരാളുടെ മുഖത്തെങ്കിലും ലേശംപോലും ചൈതന്യംകാണ്മാനില്ല. ഇങ്ങനെ അപ്പോഴത്തെ സ്ഥിതി ആകപ്പാടെ നോക്കുന്നതായാൽ വളരെക്കാലമായി തെളിഞ്ഞു പ്രകാശിച്ചുംകൊണ്ടിരുന്ന ആ ചക്രവൎത്തി ദീപംകെട്ടപ്പോൾ നാടെല്ലാം ഒന്നായി ഇരുട്ടടഞ്ഞമട്ടിലായിത്തീൎന്നുവെന്നു മാത്രം പറയാം.

എന്തുതന്നെവന്നാലും ഉദയാസ്തമനങ്ങൾക്കു നീക്കുപോക്കു വരുന്നതല്ലല്ലോ. മേൽവിവരിച്ച കഠിനദുഃഖത്തോടുകൂടിയും ദിവസങ്ങൾകഴിഞ്ഞുതുടങ്ങി. ഊണും ഉറക്കവും സുഖദുഃഖങ്ങൾക്കു പഴക്കംവരുത്തി ശക്തികുറയ്ക്കുമെന്നുള്ള ചൊല്ലു ശരിയായ പരമാൎത്ഥമാണെന്നുകുറേക്കഴിഞ്ഞപ്പോൾ ആ സംഗതിയിലും അനുഭവപ്പെട്ടു. ബാണവൎമ്മപ്പെരുമാൾതീപ്പെട്ടുപോയതുകൊണ്ടുണ്ടായ കഠിനവ്യസനത്തിനുപോലും ജനങ്ങളുടെ ഹൃദയത്തിൽ

കാലക്രമംകൊണ്ടു് കുറെക്കുറവുതോന്നി. ഗുണവൎമ്മരാജാവിന്റെ പെരുമാൾ വാഴ്ച്ചവേണ്ടതത്തക്ക ആഘോഷങ്ങളോടുകൂടി നടത്തുവാൻ ദിവസവും നിശ്ചയിച്ചു. സാമന്തരാജാക്കന്മാർ, പ്രഭുക്കന്മാർ മുതലായവരെല്ലാം ക്ഷണമനുസരിച്ചു് അവരവരുടെ സ്ഥാനമാനങ്ങളോടു വഞ്ചിപട്ടണത്തിൽ വന്നുചേൎന്നു. വാഴ്ച്ചയ്ക്കുവേണ്ട വട്ടങ്ങളെല്ലാം ഒരുങ്ങി. ശുഭസമയമായപ്പോൾ ഭൂഗോളചരിത്രം കൊത്തിയുണ്ടാക്കീട്ടുള്ള ഒരുവലിയ പീഠത്തിന്മേൽ മഹാരാജാവു് എഴുന്നെള്ളിയിരുന്നു. കിഴക്കും തെക്കും പടിഞ്ഞാറുംസമുദ്രങ്ങളിൽനിന്നു് ആനപ്പുറത്തുകയററി വാദ്യഘോഷത്തോടുകൂടികൊണ്ടുവന്നു പൊൻകുടങ്ങളിൽ നിറച്ചു പൂജിച്ചുവെച്ചിട്ടുള്ള തീൎത്ഥങ്ങളെടുത്തു പുരോഹിതന്മാർ മഹാരാജാവിന്റെ ശിരസ്സിൽമൂന്നു പ്രാവശ്യമായി അഭിഷേകംചെയ്തു. ശംഖ്, ഇടയ്ക്ക, തിമില മുതലായ വാദ്യങ്ങളുടെ ഘോഷവും മംഗളസ്തുതികളും ഇടവിടാതെ മുഴങ്ങികൊണ്ടിരുന്നു. പിന്നെ മഹാരാജാവു വിശേഷപ്പെട്ട വസ്ത്രാലങ്കാരങ്ങളണിഞ്ഞതിന്നുശേഷം അനേകം ദിവ്യരത്നങ്ങൾ പതിച്ചതും പരശുരാമൻ ക്ഷത്രിയരെ കൊന്നകാലത്തു ശാന്തിമദ്ദീപിൽ കൊണ്ടുപോയിസൂക്ഷിച്ചിരുന്നതാണെന്നും കാലാന്തരത്തിൽ ഒരു ചേരരാജാവിന്നു സമ്മാനിച്ചതാണെന്നും പറഞ്ഞുവരുന്നതും കേരളപ്പെരുമാക്കന്മാർ കുലപരമ്പരയായി ധരിച്ചുവരുന്നതും "ശ്രീതിലകമെന്നും" "തിരുത്തുങ്കമുടി"യെന്നും പേരുള്ളതുമായ ദിവ്യകിരീടംചാൎത്തി ആസ്ഥാനമണ്ഡപത്തിൽ സ്വൎണ്ണസിംഹാസനത്തിന്മേൽ എഴുന്നള്ളിയിരുന്നു. മന്ത്രിമാർ രണ്ടുഭാഗത്തും അണിയായി ആയുധംധരിച്ചുനിന്നു. സാമന്തരാജാക്കന്മാർ ഓരോരുത്തരായി വന്നു പല കാഴ്ചകളും വെച്ചു പെരുമാളെ വന്ദിച്ചു് അവരും അണിനിരന്നു. പിന്നെ ആനപ്പട, കുതിരപ്പട മുതലായ സൈന്യങ്ങളെല്ലാംഅകമ്പടിയായികൊണ്ടു് എല്ലാവരുംകൂടി പട്ടണപ്രദക്ഷിണം കഴിച്ചു തിരിയെ രാജധാനിയിൽ എത്തി, സാമന്തരാജാക്കന്മാൎക്കും മററും യോഗ്യതപോലെ പല സമ്മാനങ്ങളും കൊടുത്തു യാത്രയയപ്പിക്കയും ചെയ്തു, വാഴ്ചകഴിഞ്ഞു രാജ്യഭരണം തുടങ്ങിയ ഗുണ

വൎമ്മപ്പെരുമാൾ പ്രജകളുടെ ക്ഷേമത്തിന്നുവേണ്ടി നാട്ടിലെല്ലാം പല പുതിയ ഏൎപ്പാടുകളും ഏൎപ്പെടുത്തിവന്നു. അദ്ദേഹത്തിന്റെ ഭരണസാമൎത്ഥ്യം നിമിത്തം അല്പകാലത്തിന്നുള്ളിൽതന്നെ നാട്ടുകാർ തീപ്പെട്ട പെരുമാളുടെ ഗുണങ്ങളോൎത്തു പശ്ചാത്തപിക്കാതെയുമായി.

---

## ആറാം അദ്ധ്യായം.

ദിഗ്ജയം കഴിച്ചു ചോളപാണ്ഡ്യപ്പെരുമാക്കന്മാരെ കീഴടക്കിയിരുന്ന ബാണവൎമ്മപ്പെരുമാളുടെ സ്വൎഗ്ഗാരോഹണം ആ രാജാക്കന്മാൎക്കു വീണ്ടും ഗൎവ്വോടുകൂടി തലപൊക്കുവാൻ കാരണമായിത്തീൎന്നു. പക്ഷേ പാണ്ഡ്യരാജാവു ചാൎച്ചകൊണ്ടും വേൾച്ചകൊണ്ടും ഗുണവൎമ്മപ്പെരുമാളുടെ പ്രത്യേക ബന്ധുവായിരുന്നതിനാലും പെരുമാളുടെ യോഗ്യതയെപ്പററി സാമാന്യം അറിഞ്ഞിരുന്നതിനാലും അവിവേകത്തിന്നൊന്നും പുറപ്പെടുകയുണ്ടായില്ല. ചോളരാജാവു പെരുമാളോടു യുദ്ധത്തിന്നുവേണ്ട വട്ടങ്ങളെല്ലാം ഒരുക്കിത്തുടങ്ങി. അക്കാലത്തെ ചോളപ്പെരുമാൾ വലിയ വിക്രമിയും 'നെടുമുടിച്ചോളൻ' എന്നു പേരു കേട്ട വീരനുമായിരുന്നു. സ്വഭാവത്താൽ തന്നെ നല്ലവണ്ണം ഉത്സാഹഗുണമുള്ള നെടുമുടിച്ചോളന്നു അക്കാലത്തു ആ ഗുണം കുറെക്കൂടി വൎദ്ധിപ്പാൻ വേറെ ചില പ്രത്യേക കാരണങ്ങളും ഉണ്ടായിരുന്നു. കാവേരിപ്പൂമ്പട്ടണത്തിൽ വെച്ചു ആയുധാഭ്യാസത്തിലും മററും അതിനിപുണനാണെന്നു കേൾവികേട്ട ശങ്കരൻ ഒരു വത്സരത്തോളംമുമ്പിൽ ചോളപ്പടയുടെ നായകനായിത്തീൎന്നിരിക്കുന്നു. ഒരു ക്ഷത്രിയവീരൻ എന്ന നിലയിൽ മാത്രം ആ നാട്ടുകാൎക്കറിവുണ്ടായിരുന്നു മാനവൎമ്മകുമാരനും അടുത്തകാലത്തു അനേകം ചോളപ്പടയാളികളുടെ മേലധികാരം വഹിച്ചിരിക്കുന്നു. ഇങ്ങനെ യോഗ്യന്മാരായ രണ്ടു പടനായകന്മാരുംകൂടി വന്നുകൂടിയതിനാൽ അപ്പോൾ ചോളരാജാവിന്റെ ശൌൎയ്യഗുണം മണ്ണെണ്ണ

യൊഴിച്ചു തീ പോലെ പടൎന്നു കത്തിക്കൊണ്ടാണിരുന്നതു്. പ
ടവെട്ടമെല്ലാം ഒരുക്കിയതിന്നു ശേഷം ആ രാജാവു് കേരളപ്പെരു
മാളുടെ കൊങ്ങുനാട്ടിൽചെന്നു കരൂർപട്ടണം (കരുവൂർ പട്ടണം)
കയ്യേറുവാൻ സൈന്യങ്ങൾക്കു കല്പനകൊടുത്തു. ശങ്കരനും മാ
നവൎമ്മകുമാരനും നായകന്മാരായിട്ടുള്ള ചോളപ്പട ഒരു ദിവസം
കൊണ്ടുതന്നെ കേരളപ്പെരുമാളുടെ കൊങ്ങൻപടയെ തോല്പിച്ചു്
ആ പട്ടണം ആക്രമിച്ചു കൈവശപ്പെടുത്തുകയുംചെയ്തു.

നെടുമുടിച്ചോളന്റെ ആ അതിക്രമവൎത്തമാനം കേട്ടപ്പോ
ൾ ഗുണവൎമ്മപ്പെരുമാൾ അതികുപിതനായിത്തീൎന്നു. പ്രായേണ
ശാന്തഗുണപ്രധാനനായിരുന്ന അദ്ദേഹത്തിനു കോപം വന്ന
സമയത്തുണ്ടായമാററം വളരെ ഭയങ്കരമായിരുന്നു. ശരീര
ത്തിലെ രോമങ്ങളാസകലം നിവിൎന്നു കണ്ണുകളിൽനിന്നു തീപ്പൊ
രി ചിതറുംപോലെ തോന്നിത്തുടങ്ങി: ശ്വാസവായുക്കൾക്കു
ചൂടും ശക്തിയും കൂടിവന്നു. കുപിതനായ പെരുമാൾ താൻ
തന്നെ പടത്തലവനായി നിന്നു പൊരുതുവാൻ തീൎച്ചയാക്കി
അസംഖ്യം പടകളോടും പടനായകന്മാരോടുംകൂടി ഉടനെ പുറ
പ്പെട്ടു. അച്ഛനെ സഹായിപ്പാനായി പുറപ്പെട്ട വീരവൎമ്മകുമാ
രൻ ആയുധം ധരിച്ചു കുതിരപ്പുറത്തു കയറി ഉത്സാഹത്തോടെ മു
ന്നണിയിൽ തന്നെ യാത്രചെയ്തു. അതിവേഗത്തിൽ പോയിരു
ന്ന ആ കേരളപ്പട അഞ്ചാം ദിവസത്തേക്കു കരൂർപട്ടണത്തി
ന്റെ അതിൎത്തിയിലെത്തി പടനിലമുറപ്പിച്ചു. കൊങ്ങുനാട്ടി
ലെ സാമന്തരാജാവിന്റെ കീഴിൽ നിറുത്തിയിരുന്ന ഗംഗപ്പട
യും ഉടനെ വന്നു ചേൎന്നു ‘ചോളപ്പട ഉടൻ തന്നെ കരൂർ പട്ട
ണം വിട്ടുമാറാത്തപക്ഷം യുദ്ധംചെയ്തു വീണ്ടെടുക്കുന്നതാണെ’ന്ന
വിവരം നെടുമുടിച്ചോളനെ അറിയിപ്പാനായി ഗുണവൎമ്മപ്പെരു
മാൾ ഒരു ദൂതനെ അയച്ചു. അതിന്നനുകൂലമായ മറുപടി കി
ട്ടാത്തതിനാലും ചോളരാജാവിന്റെ ഒരു ദൂതൻ വന്നു ചോളപ്പട
യുടെ പ്രാബല്യത്തെപ്പററി കുറെയധികം പുകഴ്ത്തിപ്പറഞ്ഞതി
നാലും യുദ്ധം തുടങ്ങുവാൻ തന്നെ നിശ്ചയിക്കേണ്ടതായും വന്നു.

പിറേറദിവസം രണ്ടു വക സൈന്യങ്ങളും യുദ്ധത്തിനൊരുങ്ങിക്കൊണ്ടു നിലയുറപ്പിച്ചു്, അണിനിരന്നു കൊടികാട്ടി പെരുമ്പറയടിച്ചു. പെരുമാൾ നടുവിലും വീരവർമ്മകുമാരൻ ഇടത്തുഭാഗത്തും, കോതകുമാരൻ എന്ന സേനാപതി വലത്തുഭാഗത്തും പടത്തലവന്മാരായി നിന്നുംകൊണ്ടു കേരളപ്പട മുന്നോട്ടു കയറി. നടുവിൽ ശങ്കരനും ഇടത്തുഭാഗത്തു നെടുമുടിച്ചോളനും വലത്തു ഭാഗത്തു മാനവർമ്മകുമാരനും തലവന്മാരായിക്കൊണ്ടാണു ചോളപ്പട നിരന്നിരുന്നതു്. ചോളപ്പടയിലെ നടുത്തലവനെക്കണ്ടപ്പോൾ പെരുമാളുടെ മനസ്സു ഒരു ക്ഷണം നേരം വല്ലാതെ ചുട്ടുപോയി. ശങ്കരനും തന്റെ എതിരാളിയായു് വന്ന പടത്തലവനെക്കണ്ടപ്പോൾ കൈകൾരണ്ടും പെട്ടെന്നു കൂട്ടുവാൻ ഭാവിച്ചു. പക്ഷെ ആ രണ്ടു ധീരന്മാരും പുറത്തേയ്ക്കു യാതൊന്നും പ്രകാശിപ്പിച്ചില്ലഃ പെരുമാൾ പിന്നെ ശങ്കരന്റെ വലത്തുഭാഗത്തുള്ള പടത്തലവനെത്തന്നെ നാലഞ്ചു നിമിഷനേരം അത്യാസക്തിയോടുകൂടി കണ്ണെടുക്കാതെ നോക്കിക്കൊണ്ടു നിന്നു. ആ വീരപുരുഷൻ തന്റെ ഔരസപുത്രനായിരിക്കുമോ എന്ന സംശയം വർദ്ധിച്ചതോടുകൂടി അദ്ദേഹത്തിന്റെ കണ്ണിൽ ആനന്ദാശ്രുവും നിറഞ്ഞു. ചെറുപ്പത്തിൽ പടച്ചട്ടം പയററിക്കളിക്കുമ്പോൾ ശങ്കരൻ പറഞ്ഞ വീരവാദവും അപ്പോൾ അദ്ദേഹത്തിന്നോർമ്മവന്നു. പ്രതിജ്ഞ സാധിച്ച ശങ്കരനെ ഗുണവർമ്മപ്പെരുമാൾ മനസ്സുകൊണ്ടു നല്ലവണ്ണം അഭിനന്ദിക്കയുംചെയ്തു.

പടകൾരണ്ടും തമ്മിലേററു കിണഞ്ഞു പൊരുതിത്തുടങ്ങി. വിക്രമികളായ അനേകം പടയാളികൾ അവരവരുടെ സാമർത്ഥ്യം മുഴുവനുംകാണിച്ചു സമ്പാദിച്ച യശസ്സോടുകൂടി വീരസ്വർഗ്ഗംപ്രാപിച്ചും തുടങ്ങി. അങ്ങനെ മൂന്നു ദിവസം ഇടവിടാതെ നടന്ന ഘോരയുദ്ധത്തിന്റെ ഫലമായി ഛത്രർപട്ടണത്തിൽ മുഴുവനും കേരളപ്പെരുമാളുടെ പടയാളികൾ പരന്നുകഴിഞ്ഞു. നെടുമുടിച്ചോളനു മാറത്തു വലിയൊരു മുറിവേററതിനാൽ പോർക്കളംവിട്ടു പിന്മാറേണ്ടതായിവന്നു. അദ്ദേഹത്തിന്റെ എതിരാളിയുംകേരളപ്പടയുടെ നായകനുമായിരുന്ന കോതകുമാരൻ വീരസ്വർഗ്ഗം

പ്രാപിക്കയും ചെയ്തു. പട്ടണം വീണ്ടെടുത്തതിന്നു ശേഷവും കോതകുമാരനെക്കൊന്ന പകവീട്ടണമെന്നുറച്ചു ചോളരാജ്യം ആക്രമിക്കാനായി നാലാംദിവസം കേരളപ്പട ഒരുങ്ങിപ്പുറപ്പെട്ടു. ചോളപ്പടയാളികളെല്ലാം മരിക്കുന്നതുവരെ ഒഴിക്കയില്ലെന്നു വാശിപിടിച്ചു എതിൎത്തു നിന്നതിനാൽ അന്നത്തെ യുദ്ധം അതിഘോരമായിത്തീൎന്നു. ഗുണവൎമ്മപ്പെരുമാളും ശങ്കരനും തമ്മിൽതന്നെ ഏററു പൊരുതുവാൻ തീൎച്ചയാക്കി. പരസ്പരം സൂക്ഷ്മസ്ഥിതിയറിയാത്ത കുമാരന്മാരും തമ്മിലെതിൎത്തു പരാക്രമം കാണിച്ചുതുടങ്ങി. ശങ്കരൻ പെരുമാളോടു നേരിട്ടു പൊരുതിത്തുടങ്ങിയപ്പോൾ ആ പടനായകന്റെ ഉള്ളിലും വലിയൊരു പോരാട്ടം നടന്നു. സ്വാമിഭക്തിയും ചെറുപ്പംമുതൽക്കുതന്നെ വളൎന്നു വേരൂന്നിയുറച്ചിട്ടുള്ള മൈത്രിയും ഒരു ഭാഗത്തും, പുത്രസ്നേഹവും കൃത്യനിഷ്ഠയും മറുഭാഗത്തുമായി മനസ്സിൽ നടന്നിരുന്ന ആ കലഹം ശങ്കരന്റെ പരാക്രമത്തിന്നു ശക്തി കുറയ്ക്കുകയും ക്ഷട്ടുകയും ചെയ്തുവന്നു. അതിന്നുപുറമെ കുമാരന്മാർ തമ്മിൽ പൊരുതുന്ന സ്ഥലത്തേക്കും ആ വിശ്വസ്തപുരുഷൻ ഇടയ്ക്കിടയ്ക്കു ശ്രദ്ധവെച്ചു നോക്കിയിരുന്നു. പക്ഷേ പെരുമാളുടെ കണ്ണുകളും കൂടെക്കൂടെ അവിടേക്കു പതിഞ്ഞിരുന്നില്ലെന്നില്ല. കുറെ കഴിഞ്ഞപ്പോൾ ശങ്കരനു ഗുണവൎമ്മപ്പെരുമാളുടെനേരെ ആയുധം പ്രയോഗിപ്പാൻ കൈകൾ പോരാതെയായിത്തുടങ്ങി. ക്രമത്തിൽ പിന്നോക്കം ഒഴിക്കേണ്ടതായും വന്നു. ഇങ്ങനെ ശങ്കരൻ പിന്നോട്ടുമാറിയും പെരുമാൾ മുന്നോട്ടു കയറിയും പൊരുതിക്കൊണ്ടിരിക്കുന്നതിന്നിടയിൽ കുമാരന്മാർ പൊരുതുന്നസ്ഥലത്തേക്കു ശങ്കരൻ വല്ലാത്ത പരിഭ്രമത്തോടെ നോക്കുന്നതു പെരുമാൾ കണ്ടു. അദ്ദേഹം പെട്ടെന്നു് അങ്ങോട്ടുനോക്കിയപ്പോൾ കണ്ടകാഴ്ച അതിഭയങ്കരമായിരുന്നു. മാനവൎമ്മകുമാരൻ അനുജനെത്തോൽപ്പിച്ചു വാളുംകെടുത്തി കുതിരപ്പുറത്തുനിന്നു താഴത്തുതള്ളിയിട്ടു തലപിടിച്ചു താഴ്ത്തുന്നതും കഴുത്തു വെട്ടുവാനായി ഉറയിൽനിന്നു വാളൂരുന്നതുമാണു് അവിടെക്കണ്ടതു്. പെരുമാൾ പെട്ടെന്നു അങ്ങോട്ടോടിച്ചെന്നു. ശത്രുവിനെ വെട്ടുവാൻ വാളോങ്ങിയ

മാനവമ്മകുമാരനെ കണ്ണിൽ ദഹിപ്പിക്കുന്ന വിധം നോക്കി ക്കൊണ്ട് 'വെയ്ക്കു് വാളവിടെ' എന്നു ഇടി മുഴങ്ങുംപോലെ ഗംഭീരമായിശ്ശാസിച്ചു. കുമാരൻെറ കയ്യിൽ നിന്നു വാൾ തന്നെ താൻ വീണുപോയി. പിതാവാണു് ശാസിക്കുന്നതെന്നു ആ കുമാരനും നിശ്ചയമുണ്ടായിരുന്നില്ലെങ്കിലും എല്ലാററിന്നും സാക്ഷിയായ അന്തരാത്മാവിന്നു് അതറിയാമായിരുന്നു. വാൾ കയ്യിൽ നിന്നു വീണപ്പോൾ കുമാരൻ കുറച്ചുനേരം വല്ലാതെ പരിഭ്രമിച്ചു അന്ധനായിനിന്നു. പിന്നെ ശത്രുവിൻെറ പകിട്ടിൽപെട്ടു് ചാപല്യംപററിപ്പോയതോൎത്തു് വലിയ ലജ്ജയും കുണ്ഠിതവുമായി. കോപത്തോടുകൂടി വാൾപിന്നെയും കയ്യിലെടുത്തു. പക്ഷെ പെരുമാൾ അതിനുമുൻപിൽതന്നെ വീരവമ്മകുമാരൻെറ തല പിടിച്ചിരുന്നതു വേർപെടുത്തി രണ്ടാളേയും മാററിനിറുത്തിക്കഴിഞ്ഞിരുന്നു.

പെരുമാൾ—ഈ യുദ്ധം മതിയാക്കാം. ഞാൻ തോററുവെന്നു സമ്മതിച്ചിരിക്കുന്നു.

മാനവമ്മൻ—അവിടുത്തെ ഈ മാതിരിയുള്ള തോൽമ ഞാൻ സമ്മതിക്കില്ല. ധൈൎയ്യമുണ്ടെങ്കിൽ നിന്നുപൊരുതണം.

പെരുമാൾ—എന്നാൽ എൻെറ അപേക്ഷപ്രകാരം ഇനി യുദ്ധം തുടങ്ങുവാൻ കുറച്ചുസമയം അനുവദിക്കണം. അതു വീരധമ്മമാണല്ലോ.

മാനവമ്മൻ—അങ്ങനെയാവാം. കഴിയുന്നിടത്തോളം വേഗത്തിൽ അവിടുന്നു് ഒരുങ്ങിക്കൊള്ളുമെന്നു കരുതുന്നു.

പിതാവും പുത്രനും തമ്മിലുള്ള ബന്ധത്തിൻെറ ഉള്ളിൽ തട്ടിക്കിടക്കുന്ന ശക്തിയും പുത്രൻെറ പരുങ്ങലും ചൊടിയും എല്ലാം കണ്ടു സന്തുഷ്ടനായ ഗുണവമ്മപ്പെരുമാൾ യുദ്ധംതുടങ്ങുവാൻ

പുത്രനോട്ട് ഇടവാങ്ങിയ ഉടൻതന്നെ നെടുമുടിച്ചോളനു് ഒരെഴുത്തയയ്ക്കുകയാണുണ്ടായതു്. അ എഴുത്തിലെ സാരം ഇങ്ങനെയായിരുന്നു—'യുദ്ധം ചോളരാജാവിൻെറ ഇഷ്ടപ്രകാരമെല്ലാം അവസാനിപ്പിക്കുന്നതു പെരുമാൾക്കു് സമ്മതമാണു്. പെരുമാൾ വീണ്ടെടുത്ത കരൂർപട്ടണവും ചോളരാജാവിന്നുതന്നെകൊടുപ്പാൻ വിരോധമില്ല. എന്നാൽ അതിന്നു പ്രതിഫലമായി ചോളപ്പടയിൽനിന്നു പെരുമാളുടെ ഇഷ്ടപ്രകാരം രണ്ടാളെ കൊടുക്കണം. ഇതെല്ലാം അനുവദിക്കാത്തപക്ഷം ചോളരാജ്യംമുഴുവനും പെരുമാൾ കീഴടക്കാതെ ഒഴിക്കയുമില്ല.'

ശങ്കരൻ പടയിൽ പിൻവാങ്ങിയ വൎത്തമാനംകേട്ടു് ഭയപ്പെട്ടുകൊണ്ടിരുന്ന നെടുമുടിച്ചോളൻ ഈ എഴുത്തുകണ്ടപ്പോൾ പെരുമാളുടെ ഇഷ്ടംപോലെ രണ്ടാളെക്കൊടുപ്പാൻ പൂൎണ്ണമായി സമ്മതിച്ചു മറുപടി അയച്ചു. അതിനുംപുറമെ പെരുമാൾ കാണിച്ച ഔദാൎയ്യംകൊണ്ടുണ്ടായ സന്തോഷത്താൽ തൻെറ മകൾ 'മാലതി' എന്ന കന്യകയെ വീരവൎമ്മകുമാരനു് വിവാഹംചെയ്തു കൊടുപ്പാൻ വാഗ്ദത്തവും ചെയ്തു. യുദ്ധം നിറുത്തുവാൻ ചോളപ്പടയ്ക്കു് കല്പനയും കൊടുത്തു. ആ വഴിക്കു് ഉടൻതന്നെ ശങ്കരനും മാനവൎമ്മകുമാരനും ഗുണവൎമ്മപ്പെരുമാളുടെ അധീനത്തിലായിത്തീൎന്നു. അവർ പെരുമാളുടെ സമീപത്തുചെന്നു് താണുതൊഴുതപ്പോൾ താമസിക്കാതെ വഞ്ചിപ്പട്ടണത്തിലെത്തിക്കൊള്ളണമെന്നു കല്പിച്ചു പെരുമാൾ പരിവാരങ്ങളോടുകൂടി മടങ്ങിപ്പോകയും ചെയ്തു.

ഗുണവൎമ്മപ്പെരുമാളും ചോളരാജാവുംതമ്മിലുണ്ടായ യുദ്ധത്തിൻെറ വിവരങ്ങളും താനും കുമാരനും ചോളപ്പടവിട്ടു് പെരുമാളുടെ കീഴിലായിത്തീൎന്ന സംഗതിയും കുമാരൻ ഇല്ലാത്തസമയംനോക്കി ശങ്കരൻ താരയെക്കണ്ടുപറഞ്ഞു. കുമാരൻെറ കയ്യിൽനിന്നു വാൾവീണുപോയ സംഗതി കേട്ടപ്പോൾ ആ പതിവ്രതയുടെ ശരീരം ഒന്നായി രോമാഞ്ചംകൊണ്ടു സന്തോഷാശ്രുവും

ഒഴുകിത്തുടങ്ങി. 'ദൈവം ഉണ്ണിക്കുതെററുവരാതെ കാത്തുരക്ഷിച്ചു' എന്ന വാക്കുകൾ രണ്ടുമൂന്നുപ്രാവശ്യം ആ സാധ്വി ആവത്തിച്ചു പറഞ്ഞു. പക്ഷെ സംഗതിയുടെ സൂക്ഷ്മസ്ഥിതി അറിഞ്ഞിട്ടില്ലാത്ത മാനവർമ്മകുമാരനുമാത്രം തന്റെ കയ്യിൽനിന്നു വാൾ വീണതുമുതൽ മനസ്സിന്നു വലിയൊരുന്മേഷക്കുറവാണു തോന്നിക്കൊണ്ടിരുന്നതു്. അതു് ഇടയ്ക്കിടയ്ക്കു് ആ കുമാരന്റെ മുഖത്തുപ്രകാശിക്കുകയും ചെയ്തിരുന്നു.

പിറേറന്നാൾതന്നെ കുമാരനും ശങ്കരനും താരകയും ഉണിക്കാളിയും ചോളരാജ്യം വിട്ടുപോന്നു. ജന്മദേശമായ തിരുവഞ്ചിക്കുളത്തുനിന്നു് ഇരുപതുവത്സരത്തോളം കാലം മുമ്പിൽ നാട്ടുവിട്ടുപോരുമ്പോൾ നടന്ന സംഗതികളെല്ലാം താരകയുടെ ഉള്ളിൽ ഈ സമയത്തു് ഓരോന്നായി ഓർമ്മവന്നുതുടങ്ങി. താൻനിമിത്തം നാട്ടുവിട്ടുപോന്ന തിരുവഞ്ചിക്കുഴിനാട്ടിൽ വെച്ചും കാവേരിപ്പൂമ്പട്ടണത്തിൽവെച്ചും ഇഹലോകവാസം ഉപേക്ഷിച്ച അച്ഛനമ്മമാരെയും തനിക്കുവേണ്ടി അവരനുഭവിച്ച കഷ്ടപ്പാടുകളും ഓർത്തു് ആ സുശീല ഇത്രത്തോളമേ വ്യസനിച്ചുള്ളു എന്നില്ല. അവരെക്കൂടാതെ നാട്ടിലേക്കു തിരിയെച്ചെല്ലുന്ന ആ സ്ത്രീയുടെ ഹൃദയം കഠിനമായിത്തുടിച്ചുംകൊണ്ടിരുന്നു. ഓരോകാലടികളും അല്പം പതർച്ചയോടുകൂടി പിന്നോക്കം ആഞ്ഞുംകൊണ്ടിരുന്നു. അമ്മ ഈ പാറപ്പുറത്തുവച്ചാണു് സീതയുടെ കഥ പറഞ്ഞു എന്നെ ആശ്വസിപ്പിച്ചതു്. അച്ഛൻ അന്നു ഈ മരത്തണലിൽ വച്ചാണു് ദമയന്തിയുടെ കഥപറഞ്ഞു തന്നു സമാധാനപ്പെടുത്തിയതു്' ഇങ്ങനെ ഓർമ്മപ്പെടുത്തി അവ്വക ഓരോ സ്ഥലങ്ങളിലും താരകയുടെ കണ്ണിൽ വല്ലാതെ വെള്ളംനിറച്ചു.

വഞ്ചിനഗരത്തിലെത്തിയതിനുശേഷവും താരക പണ്ടത്തെപ്പോലെ സ്വഗൃഹത്തിൽതന്നെ ഉണിക്കാളിയോടുകൂടിത്താമസിച്ചു, ആ സ്ത്രീ തീർത്ഥയാത്രപോയിട്ടു് അതുവരെ മടങ്ങിവരാതിരുന്നതു അച്ഛനമ്മമാർ മരിച്ചുപോയതുകൊണ്ടും ശങ്കരനും,

പ്രായമായതുമുതല്ക്കുതന്നെ പുത്രനും, ചോളപ്പടയിലെ നായകന്മാരായിത്തീൎന്നതുകൊണ്ടുമാണെന്ന് അയൽപക്കത്തുകാരെല്ലാം മനസ്സിലാക്കി. കുമാരനും ശങ്കരനും പെരുമാളെ ചെന്നുകണ്ടു ഉടനെതന്നെ ശങ്കരൻ കേരളപ്പടനായകനും കുമാരൻപ്രധാനമന്ത്രികളിൽ ഒരാളുമായിത്തീൎന്നു. പക്ഷെ വളരെ ബഹുമാനമുള്ള ആ മന്ത്രിസ്ഥാനം ലഭിച്ചിട്ടും ആ വഴിക്കു പെരുമാളുടെ പേരിൽ അതിയായ ഭക്തിയും വിശ്വാസവുമുണ്ടായിട്ടും, യുദ്ധത്തിൽ വാൾ വീണുപോയതുകൊണ്ടുള്ള കുണ്ഠിതം ആ കുമാരനു അപ്പോഴും തീരെത്തീരുകയുണ്ടായില്ല. അടുത്തു മററാരും ഇല്ലാത്തസമയങ്ങളിൽ പലപ്പോഴും ആ സംഗതിയോൎത്തു വീരനായ കുമാരൻതന്നെത്താൻ വെറുക്കുകയും ചെയ്തിരുന്നു.

അങ്ങനെ മാനവൎമ്മകുമാരൻ വല്ലാതെ കുണ്ഠിതപ്പെട്ടുകൊണ്ടിരിക്കുന്നതു് ഒരുദിവസം താരക കണ്ടെത്തി. മകൻെറ മുഖത്തിന്നു് ഉന്മേഷക്കുറവുകണ്ടിട്ടു് ആ അമ്മ ഇങ്ങനെചോദിച്ചു:—

"എന്താണു് ഉണ്ണിയുടെ മുഖത്തിന്നൊരു തെളിവില്ലാതിരിക്കുന്നതു?"

മാനവൎമ്മൻ—"അന്നത്തെ യുദ്ധത്തിൽ എനിക്കു പററിയചാപല്യം ഓൎമ്മവന്നു. പെരുമാൾ തിരുമേനി ഇപ്പോൾനമ്മുടെ നാഥനാണെങ്കിലും അന്നങ്ങനെയായിരുന്നില്ലല്ലോ?

താരകയ്ക്കു ഇതുകേട്ടപ്പോളുണ്ടായ സന്തോഷം ഇത്രയെന്നില്ല. മേലാൽ ആസംഗതിയൊന്നോൎത്തു കുമാരനെ വ്യസനിപ്പിക്കാനൊ കുണ്ഠിതപ്പെടുത്തുവാനൊ ആ മാതാവിൻെറപുത്രവാത്സല്യം സമ്മതിച്ചതുമില്ല.

താരക—ഉണ്ണി! ഈ വൎത്തമാനം ഗൂഢമായിരിക്കണം. ഉണ്ണിയുടെ അച്ഛൻ ആരാണെന്നു നിശ്ചയമുണ്ടോ?

മാനവൎമ്മൻ—മുമ്പു ഒന്നുരണ്ടു തവണഞാൻ അതു ചോദിച്ചപ്പോൾ അമ്മ കരയുകയാണല്ലോ ഉണ്ടായതു്. അമ്മയെ വ്യ

സന്നിപ്പിക്കേണ്ടെന്നുകരുതി പിന്നെ ചോദിക്കാഞ്ഞതാ ണു്. ഒന്നുകിൽ എന്റെ അച്ഛൻമരിച്ചിരിക്കും. അല്ലെ ങ്കിൽനമ്മളെ ഉപേക്ഷിച്ചിരിക്കും; അല്ലാതെ അമ്മവ്യസ നിക്കില്ലല്ലൊ എന്നുമാത്രം ഞാൻവിചാരിച്ചുവന്നു.

താരക......ഉണ്ണി! അമംഗളം പറയരുതു്. അതിരിക്കട്ടെ. ആ രുടെ ശാസന കേട്ടപ്പോഴാണു് ഉണ്ണിയുടെ കയ്യിൽനിന്നു വാൾ വീണുപോയതു്?

മാനവർമ്മൻ—പെരുമാൾതിരുമനസ്സിലെ.

താരക......അവിടുന്നുതന്നെയാണു് ഉണ്ണിയുടെ അച്ഛൻ. അവി ടുത്തെയല്ലാതെ മററൊരാളുടെ കല്പനകേട്ടു് ഉണ്ണി വാളുവ യ്ക്കാതെതന്നെ കഴിയണമെന്നാണു് എന്റെ പ്രാൎത്ഥ നയും.

ഇതുകേട്ടപ്പോൾ മാനവർമ്മകുമാരനു ഹൃദയത്തിൽ ഒരു മി ന്നൽ തട്ടിയപോലെ തോന്നി. താരക ആദ്യംമുതല്ക്കുള്ള സംഗ തികളെല്ലാം ക്രമത്തിൽ പുത്രനെ ധരിപ്പിച്ചു. കുമാരൻ എ ല്ലാം കേട്ടയുടനെ അനുജനെ അപായപ്പെടുത്തിയ അപരാധ വും അച്ഛനു അപ്രീതിയും വരുത്താതെ അമ്മയുടെ അനുഗ്രഹം എന്നെ രക്ഷിച്ചു എന്നു പറഞ്ഞുംകൊണ്ടു മാതാവിന്റെ കാല്ക്കൽ വീണു സാഷ്ടാംഗമായി നമസ്കരിച്ചു. താരക അതിവാത്സ ല്യത്തോടുകൂടി ആ വീരപുത്രനെ വീണ്ടും വീണ്ടും അനുഗ്രഹിച്ചു. കുമാരനു അതുവരെയും വലിയ കുണ്ഠിതത്തിനുകാരണമായസംഗ തിതന്നെ അന്നുമുതൽക്കു വലിയ സന്തോഷത്തിനു കാരണമായി ത്തീരുകയുംചെയ്തു.

മന്ത്രിസ്ഥാനം വഹിച്ച മാനവർമ്മകുമാരന്റെ കാൎയ്യപ്രാ പ്തിയും യോഗ്യതയും പെരുമാളെപ്പോലെതന്നെ നാട്ടുകാരേയും അല്പകാലത്തിനുള്ളിൽ അത്ഭുതപ്പെടുത്തിക്കഴിഞ്ഞു. എന്നുമാ ത്രമല്ല, നല്ലിനിദേവിക്കു ആ മന്ത്രിശ്രേഷ്ഠനെക്കൊണ്ടുമണിമല്ലിക യെ വിവാഹംകഴിപ്പിച്ചാൽകൊള്ളാമെന്നു മോഹവും തുടങ്ങി. ആ ആഗ്രഹം പെരുമാളെ അറിയിച്ചപ്പോൾ അദ്ദേഹം ഉള്ളിൽ തട്ടിയ സന്തോഷത്തോടുകൂടിത്തന്നെ അനുവദിച്ചു മാനവർമ്മനും

മണിമല്ലികയും തമ്മിൽ ആദ്യം കണ്ടതുമുതൽക്കുതന്നെ രണ്ടാൾക്കും മനസ്സിൽ ഒരു മമത കടന്നുകൂടിയിരുന്നതുകൊണ്ട് അവരുടെ ഇംഗിതമറിവാനും ശ്രമിക്കേണ്ട താമസമേ വേണ്ടിവന്നുള്ളൂ. വിവാഹം രാജധാനിയിൽവച്ചുതന്നെ നടത്തുവാൻ തീർച്ചയാക്കി, മുഹൂർത്തവും നിശ്ചയിച്ചു.

വരനായ മന്ത്രിവര്യന്റെ ബന്ധുക്കളും ചാർച്ചക്കാരും മുഹൂർത്തത്തിനു രണ്ടുദിവസംമുമ്പുതന്നെ വരണമെന്നുള്ള രാജ്ഞിയുടെ ക്ഷണമനുസരിച്ചു താരകയും ദാസിമാരും രാജധാനിയിലെത്തി. രാജധാനിയിലെ ദാസിമാർ വരന്റെ അമ്മയെന്ന നിലയിൽ താരകയെ രാജ്ഞിയെഴുന്നള്ളിയിരിക്കുന്നേടത്തേക്കു കൂട്ടിക്കൊണ്ടുപോകയുംചെയ്തു. നല്ലിനിദേവി വളരെ ആദരവോടുകൂടി താരകയെ സല്ക്കരിച്ചു. ഒന്നുരണ്ടുവാക്കു കുശലംപറഞ്ഞതിനുശേഷം ഇങ്ങനെ ചോദിച്ചു—

'ഇതിനുമുമ്പിലും തമ്മിൽ കണ്ടിട്ടുള്ളതുപോലെ എനിക്കു ഓർമ്മതോന്നുന്നുണ്ടല്ലോ. എവിടെവച്ചാണ്?'

താരക—ഉണ്ടായിരിക്കാം. ഇവിടെവെച്ചുതന്നെയാണ് കാണാൻ സംഗതിയുള്ളത്.

നല്ലിനി—ഏകദേശം ഏതുകാലത്തായിരിക്കും?

ഇതിനുത്തരമായി താരക ഗുണവർമ്മപ്പെരുമാളെ കുളത്തിൽനിന്നു രക്ഷിച്ചതുമുതൽ അന്നേവരെയുണ്ടായ സംഗതികൾമുഴുവനും പറഞ്ഞുകേൾപ്പിച്ചു. തന്റെ ഭർത്താവിന്റെ പ്രാണനെ രക്ഷിച്ചും തനിക്കുവേണ്ടി സകലപദവികളും സുഖങ്ങളും ഉപേക്ഷിച്ചും തന്നിമിത്തം അനവധി ദുഃഖങ്ങളും കഷ്ടപ്പാടുകളും അനുഭവിച്ചും കൃതഘ്നയായ തന്നെക്കുറിച്ചു പിന്നെയും സ്നേഹിക്കുന്ന ഒരു പുണ്യജീവനാണ് തന്റെമുമ്പിൽ നില്ക്കുന്നതെന്നറിഞ്ഞപ്പോൾ നല്ലിനിദേവിയുടെ ഹൃദയം പിളർന്നുപൊടിഞ്ഞുപോയി. പെട്ടെന്നുപൊട്ടിക്കരഞ്ഞുംകൊണ്ട് ജ്യേഷ്ഠത്തീ! എന്നെ ശപിക്കരുതേ! ഇത്രത്തോളം കൃതഘ്നയും മഹാപാപിയുമായ എന്നെയുംകൂടി രക്ഷിക്കണേ! എന്നുപറഞ്ഞു താരകയുടെ കാല്ക്കൽവീണുനമസ്കരിച്ചു. പിന്നെയും ആ മഹതിയുടെ കാൽ

പിടിച്ചുംകൊണ്ടു് 'എന്നെ അനുഗ്രഹിച്ചു രക്ഷിക്കണേ!, എന്നു വീണ്ടുംവീണ്ടുംപറഞ്ഞു കിടന്നകിടപ്പിൽതന്നെ തേങ്ങിത്തേങ്ങി കരഞ്ഞുതുടങ്ങി. അസാമാന്യധൈര്യമുള്ള താരകയ്ക്കുംഅനുജത്തിയുടെ ആ പശ്ചാത്താപം കണ്ടപ്പോൾ കരച്ചിൽവന്നുപോയി. ആ സുമംഗലി അനുജത്തിയെ തല തൊട്ടനുഗ്രഹിച്ചശേഷം പിടിച്ചെഴുന്നേല്പിച്ചു മുറുകെ കെട്ടിപ്പിടിച്ചു. ആ നിലയിൽ നിന്നുംകൊണ്ടുതന്നെ രണ്ടുപേരും വളരെനേരം തേങ്ങിക്കരഞ്ഞു. അതു കണ്ടുനില്ക്കുന്ന ദാസിമാർക്കും സന്താപംകൊണ്ടും സന്തോഷംകൊണ്ടും കണ്ണിൽ വെള്ളം നിറഞ്ഞൊഴുകിത്തുടങ്ങി. ഈ അവസരത്തിൽ നടന്ന സംഗതികളെല്ലാം അറിഞ്ഞു ഗുണവർമ്മപ്പെരുമാളും അവിടെയ്ക്കെഴുന്നള്ളി. രാജ്ഞിമാർ രണ്ടുപേരും അദ്ദേഹത്തെ നമസ്കരിച്ചു. നല്ലിനിദേവി പശ്ചാത്താപംപൊറുക്കാൻ കഴിയാതെ പാരവശ്യത്തോടു കൂടി ഭർത്താവിനെത്തൊഴുതുംകൊണ്ടു 'അവിടുന്നു് എന്റെ അപരാധം ക്ഷമിക്കുമോ?

താരക......അനുജത്തീ! എന്തിനാണു് അവിടുത്തെ ഇനിയും വ്യസനിപ്പിക്കുന്നതു്?

പെരുമാൾ—താരകേ! ശീലഗുണം ഇത്രത്തോളമേ ഉണ്ടാവൂ എന്നില്ലെന്നുള്ളതു എനിക്കു ബോധം വന്നു.

താരക—അനുജത്തി ചോദിച്ചതിന്നു എന്നോടാണോ സമാധാനംപറയേണ്ടതു്?

പെരുമാൾ......അനുജത്തി എന്നോടു ചോദിച്ചതിന്നു ജ്യേഷ്ഠത്തിയാണു സമാധാനം പറയേണ്ടതെങ്കിൽ ഇങ്ങനെ അരുതേ!

ഈ വിധത്തിൽ അന്തസ്സാരമില്ലാതെ സന്തോഷസൂചകം മാത്രമായ സംഭാഷണംകൊണ്ടുതന്നെ പെരുമാളും താരകയും നല്ലിനിയെ നല്ലവണ്ണം സമാധാനപ്പെടുത്തി. അതിന്നിടയിൽ കുമാരന്മാരും അവിടെ എത്തി അച്ഛനമ്മമാരെ വന്ദിച്ചു. എല്ലാവരുംകൂടി അതുവരെ കഴിഞ്ഞ സംഗതികൾ ഓരോന്നു പറഞ്ഞു പരമാനന്ദിക്കയും ചെയ്തു

വിവാഹത്തിന്നു മുമ്പുതന്നെ മാനവർമ്മൻ മന്ത്രിസ്ഥാനത്തിൽ നിന്നു ഇളയരാജാവിന്റെ സ്ഥാനത്തേക്കു മാറിയ വർത്ത

മാനം നാട്ടിലെല്ലാം പ്രസിദ്ധമായി. ആ അസാധാരണസംഭവം കൊണ്ടുണ്ടായ സന്തോഷാധിക്യംനിമിത്തം മണിമല്ലികയുടെ മംഗല്യധാരണമഹോത്സവത്തെ മലയാളരാജ്യക്കാർ മുഴുവനും അവരവരുടെ ഗൃഹങ്ങളിൽ വെച്ചും അതികേമമായ്ക്കൊണ്ടാടി, നല്ലിനിദേവി ദിവസന്തോറും താരകാദേവിയുടെ പാദങ്ങളിൽ നമസ്കരിച്ചല്ലാതെ ജലപാനംപോലും കഴിക്കയില്ലെന്നു ഒരു വ്രതവും നിശ്ചയിച്ചു. ഗുണവൎമ്മപ്പെരുമാൾ നീതിനിലയ്ക്കു നീക്കം വരാതെ വളരെക്കാലംരാജ്യം ഭരിച്ചതിന്നു ശേഷം മാനവൎമ്മരാജാവിനെ പെരുമാളാക്കിവാഴിച്ചു ശേഷമുള്ള ജീവകാലം പത്നിമാരോടുകൂടി പ്രശാന്തമായി കഴിച്ചുകൂട്ടി മാനവൎമ്മപ്പെരുമാൾ ദിഗ്ജയം ചെയ്തു് വലിയ പ്രതാപത്തോടുകൂടിത്തന്നെ രാജ്യം ഭരിച്ചുവന്നു. ആ പെരുമാളുടെ യോഗ്യതയെപ്പററി ഒരു കവി ഇങ്ങനെവൎണ്ണിച്ചിട്ടുണ്ടു്.

ഇതിങ്കൽനിന്നോക്കുകതൽപ്രഭാവം
മുറയ്ക്കു ചോളാദിമഹീശ്വരന്മാർ
തദീയമാം പൽക്കൊടിയെബ്ഭജിച്ചു
പരസ്പരം ഭീതിയകന്നു വാണാർ
മറുത്തലങ്കാപതിയെജ്ജയിച്ചു
രവിക്കു വംശോന്നതി ചേർത്തു രണ്ടാം
ത്രിവിക്രമൻ രാഘവനൊന്നു പിന്നെ
സ്സുവിക്രമൻ ഭൂപതി മാനവൎമ്മൻ'

ഗുണവൎമ്മപ്പെരുമാളുടെ സ്വൎഗ്ഗാരോഹണത്തിന്നുശേഷം താരകാദേവി ഭിക്ഷുകീവ്രതം (സന്യാസം) സ്വീകരിച്ചു ഒരു യോഗിനിയായിത്തീൎന്നു പിൽക്കാലങ്ങളിൽ ആ ദേവിയെ ലോകമാതാവായ സക്ഷാൽഭഗവതിയെന്നുള്ള നിലയിൽപലസ്ഥലങ്ങളിലും പ്രതിഷ്ഠിച്ചു പൂജിച്ചുവരികയും ചെയ്തു.

ശുഭം.

21 NOV 1958

MUL
094309